# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നീലേശ്വരം മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെഎസ്.ഡി4/17/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 22/02/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
നീലേശ്വരം മുനിസിപ്പാലിറ്റി

സർ,

വിഷയം : നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.മെയിൽ)
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ , നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.കെഎസ്.ഡി4/17/2023 തീയ്യതി: 22/02/2023

# കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 20-12-2022 | 30-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-12-2022 | 30-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ഗോപാലകൃഷ്ണ നായിക്, ഓഡിറ്റ് ഓഫീസർ
2) ജയാനന്ദ.എച്ച്, ഓഡിറ്റ് ഓഫീസർ
3) യാദവ കുമാര.സി.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4) രഘുനാഥൻ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5) അരുൺ ദേവ്.വി.ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
6) ഹരി വേണുഗോപാലൻ.കെ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ടി.വി.ശാന്ത | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ.ശിവജി.സി.കെ | സെക്രട്ടറി | 01-04-2021 | 07-07-2021 |
| ശ്രീ.ഫിറോസ് ഖാൻ.എ | സെക്രട്ടറി | 08-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പ്രകാശൻ.എ.കെ | ഹെൽത്ത് ഓഫീസർ | 01-04-2021 | 01-07-2021 |
| മോഹനൻ.പി.പി | ഹെൽത്ത് ഓഫീസർ | 02-07-2021 | 31-03-2022 |
| രജീഷ് കുമാർ.സി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഷിജോ.കെ.എ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഗിരിജ.കെ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| സി.പ്രകാശ് | പ്രോജക്ട് ഓഫീസർ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2021 | 31-03-2022 |
| രാജി.കെ | പ്രിസിപ്പൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ | 01-04-2021 | 07-11-2021 |
| നിഷ.ബി | പ്രിസിപ്പൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ | 08-11-2021 | 31-03-2022 |
| ഡോ.പ്രദീപ് കുമാർ.വി.വി | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ.ജമാൽ അഹമ്മദ്.എ | മെഡിക്കൽ ഓഫീസർ -താലൂക്ക് ഹോസ്പിറ്റൽ | 01-04-2021 | 31-03-2022 |
| ഡോ.പ്രിയ.കെ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.സരളകുമാരി | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2021 | 13-04-2021 |
| ഡോ.രതീഷ്.പി | മെഡിക്കൽ ഓഫീസർ - ഹോമിയോ | 14-04-2021 | 24-05-2021 |
| ഡോ.സരളകുമാരി | മെഡിക്കൽ ഓഫീസർ - ഹോമിയോ | 25-05-2021 | 31-07-2021 |

| | | | |
|---|---|---|---|
| ഡോ.രതീഷ്.പി | മെഡിക്കൽ ഓഫീസർ - ഹോമിയോ | 31-07-2021 | 14-12-2021 |
| ഡോ.ജ്യോതി.കെ | മെഡിക്കൽ ഓഫീസർ - ഹോമിയോ | 15-12-2021 | 31-03-2022 |
| ദിവ്യ.ജി.കൃഷ്ണൻ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-10-2021 |
| അശോക്.എൻ | വ്യവസായ വികസന ഓഫീസർ | 01-11-2021 | 15-02-2022 |
| മിലൻ.വി.കെ | വ്യവസായ വികസന ഓഫീസർ | 16-02-2022 | 31-03-2022 |
| പോൾ.എം.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| സതീഷ് കുമാർ.പി.വി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാ**ർ**ഷിക ധനകാര്യ പത്രിക പരിശോധന – നിരീക്ഷണങ്ങൾ | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല. | 1-2-1 |
| 4 | ഗ്രാന്റ് & കോൺട്രിബ്യൂഷൻ ഇനത്തിലെ തുക വർഷങ്ങളായി നിലനിൽക്കുന്നു. | 1-2-2 |
| 5 | "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)”എന്ന ശീർഷകത്തിൽ വർഷങ്ങളായി തുക നിലനിൽക്കുന്നു | 1-2-3 |
| 6 | ബാധ്യതഇനത്തിൽ വർഷങ്ങളായി തുക നിലനിൽക്കുന്നു | 1-2-4 |
| 7 | മറ്റ് റിസീവബിൾസ് ഇനത്തിലെ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു. | 1-2-5 |
| 8 | ഉപയോഗശൂന്യമായ അക്കൗണ്ടുകൾ നിലനിൽക്കുന്നു | 1-2-6 |
| 9 | ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-2-7 |
| 10 | വസ്തു നികുതി ഡി.സി.ബി - സഞ്ചയ, ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-2-8 |
| 11 | ഡെപ്പോസിറ്റ്, അഡ്വാൻസ് ഇനത്തിൽ തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-2-9 |
| 12 | വികസനഫണ്ട് ടി.എസ്.പി. ചെലവഴിക്കാത്തതിനാൽ മുഴുവൻ തുകയും ലാപ്സായി | 1-2-10 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 19 | പൊതു നിയന്ത്രണം | 1-9 |
| 20 | ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുക നാളിതുവരെയും ലഭ്യമായിട്ടില്ല | 1-10 |
| 21 | റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല | 1-11 |
| 22 | വാടക കുടിശ്ശിക സംബന്ധിച്ച് | 1-12 |
| 23 | ലൈസ**ൻ**സ് ഫീസ് കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-13 |
| 24 | തൊഴിൽ നികുതി-അപാകതകൾ | 1-14 |

| | | |
|---|---|---|
| 25 | വസ്തു നികുതി ഇനത്തിൽ ഭീമമായ കുടിശ്ശിക | 1-15 |
| 26 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക | 1-16 |
| 27 | വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-17 |
| 28 | 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു-1736/-രൂപ നഷ്ടം | 1-18-1 |
| 29 | കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു. | 1-18-2 |
| 30 | ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യങ്ങൾ ഒരുക്കാത്ത ബഹുനില വാണിജ്യ കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു-ചട്ട ലംഘനം | 1-19 |
| 31 | പൂർത്തീകരണ കാലതാമസത്തിനു നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. | 1-20 |
| 32 | സമയബന്ധിതമായി കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല. | 1-21 |
| 33 | അഗതി രഹിത കേരളം(Destitute Free Keralam)) പദ്ധതിക്കു വേണ്ടി സി.ഡി.എസ്.ന് അനുവദിച്ച 54,96,625/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-22 |
| 34 | PMAY-പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-23 |
| 35 | നഗരസഭാ വാഹനത്തിന്റെ ടയറുകൾ മാറ്റിയത്-എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 1-24 |
| 36 | CHMKSGVHSS കോട്ടപ്പുറം-മുറി സൗകര്യം പോലും ഇല്ലാത്ത ഗണിത ലാബിന് വേണ്ടി 12,97,710/-രൂപ ചെലവഴിച്ചു-പാഴ് ചെലവ് | 1-25 |
| 37 | ഓഡിറ്റോറിയം ഇല്ല - ഫർണ്ണിച്ചർ, സൗണ്ട് സിസ്റ്റം എന്നിവ വാങ്ങി-പാഴ് ചെലവ് | 1-26 |
| 38 | സമഗ്രവിദ്യാഭ്യാസ പരിപോഷണ പരിപാടി-അപാകത | 1-27 |
| 39 | തുല്യതാ പരീക്ഷ പഠിതാക്കളുടെ ഫീസ് നൽകൽ പദ്ധതി-അപാകത | 1-28 |
| 40 | ABC പദ്ധതി നഗരസഭാ വിഹിതം നൽകൽ | 1-29 |
| 41 | നിലാവ് പദ്ധതി മീറ്ററിംഗ് സ്ഥാപിക്കൽ | 1-30 |
| 42 | മുൻകൂർ നൽകിയ തുക നാളിതുവരെ ക്രമാകരിച്ചിട്ടില്ല. | 1-31 |
| 43 | കൊല്ലംകൊട്ടിൽ -കൊഴന്തിൽ റോഡ് തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി | 1-32 |
| 44 | തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറാക്കി മാറ്റൽ പദ്ധതി | 1-33 |
| 45 | ഹോമിയോ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-34 |
| 46 | ടിആർ7എ ക്യാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ ഹാജരാക്കിട്ടില്ല. | 1-35 |
| 47 | ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു. | 1-36 |
| 48 | പി.എം.എ.വൈ ഭവന പദ്ധതി - അവലോകനം | 1-37 |

| | | |
|---|---|---|
| 49 | നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല. | 1-38 |
| 50 | തിരിക്കുന്ന് അംഗൻവാടി നവീകരണം-നിർവ്വഹിക്കാത്ത പെയിന്റിംഗ് പ്രവൃത്തിക്ക് അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു, സ്ഥല പരിശോധനയെ തുടർന്ന് പ്രവൃത്തി പൂർത്തീകരിച്ചതും മറ്റ് അപാകതകളും | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | തിരിക്കുന്ന് അംഗൻവാടി നവീകരണം-laterate Masonry പ്രവൃത്തിക്കായി ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം 2469/- രൂപയുടെ അധിക ചെലവ്. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം ,തിയതി | സി.ആർ.നമ്പർ.1, 17/2/2021 | സി.ആർ.നമ്പർ.1, 21/3/2022 |
| മുന്നിരിപ്പ് | 38800004 | 44847825 |
| വരവ് | 631818297 | 367413349 |
| ആകെ | 670618301 | 412261174 |
| ചെലവ് | 654967455 | 372813755 |
| നീക്കിയിരിപ്പ് | 15650846 | 39447419 |

### 1-2 വാർഷിക ധനകാര്യ പത്രിക പരിശോധന – നിരീക്ഷണങ്ങൾ

നീലേശ്വരം നഗരസഭയുടെ 2021-22 വർഷത്തെ ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2020-21 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചവയുടെ വിശദ വിവരം അക്കൗണ്ട്സിനോട് കൂടെ കുറിപ്പ് ഫയലാക്കി ഉള്ളടക്കം ചെയ്തിട്ടില്ല.

### 1-2-2 ഗ്രാന്റ് & കോൺട്രിബ്യൂഷൻ ഇനത്തിലെ തുക വർഷങ്ങളായി നിലനിൽക്കുന്നു.

ധനകാര്യ പത്രികയിൽ ബി-4 ഷെഡ്യൂളിൽ ചുവടെ പറയുന്ന ഇനങ്ങളിലെ തുകകൾ വർഷങ്ങളായി നിലനിൽക്കുന്നു.

| ഇനം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|
| 320200209 - Fund For Transferred Institution-Education-Capital | 325500 | 325500 | 325500 | 325500 | 325500 | 325500 | 325500 |
| 320300100-Other Government | 4595 | 4595 | 4595 | 4726 (4595+ 131) | 4795 (4726+ 69) | 4867 (4795+ 72) | 4942 (4867+ 75) |

| | | | | | | | |
|---|---|---|---|---|---|---|---|
| Agencies | | | | | | | |

മേൽ തുകകൾ ഏതെല്ലാം പദ്ധതികൾക്കായി ലഭിച്ചിട്ടുള്ളതാണെന്നും ആയത് ചെലവഴിക്കാതെ നിലനിൽക്കുന്നതിനുമുള്ള കാരണവും വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/ 20.12.2022 ന് 320200209 എന്ന ഹെഡിലുള്ള തുക എസ്.എസ്.എ പ്രോജക്ട് ഓഫീസറിൽ നിന്നും ജി.എൽ.പി.എസ് പരുത്തിക്കാമുറി സ്കൂളിന് നൽകുന്നതിനായി 277816 ചെക്ക് നമ്പറായി ഇന്ത്യൻ ബാങ്ക് കാസറഗോഡ് നിന്നും ലഭിച്ച ചെക്ക് വരവിൽ രേഖപ്പെടുത്തിയത് ജി.എൽ.പി സ്കൂളിന് നൽകുമ്പോൾ ചെലവ് ശീർഷകത്തിൽ പേമെന്റ് രേഖപ്പെടുത്തിയതാണെന്നും ആയത് അടുത്ത വർഷത്തെ എ.എഫ്.എസിൽ പരിഹരിക്കുന്നതാണെന്നും 320300100 എന്ന ഹെഡിലുള്ള തുക കാസറഗോഡ് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് 300(i) എന്ന അക്കൗണ്ടിൽ നിന്നുള്ള പലിശ വരവാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

അപാകതപരിഹരിക്കുകയും ഉപയോഗശൂന്യമായ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

### 1-2-3 "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിൽ വർഷങ്ങളായി തുക നിലനിൽക്കുന്നു

"കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിൽ ചുവടെ പറയും പ്രകാരം തുക നിലനിൽക്കുന്നു.

| 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|
| 195873 | 201947<br>(195873+ 27494- 21420) | 201947 | 283834<br>(201947+ 81887) |

എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിലേയ്ക്ക് ബാധ്യതയായി മാറ്റുകയും പകരം ചെക്ക് നൽകുമ്പോൾ ഇതിൽ കുറവുവരുത്തുകയും ചെയ്യേണ്ടതാണ്.

2018-19 സാമ്പത്തിക വർഷം മുതൽ ഈ ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് നാളിതുവരേയും പകരമായി ചെക്ക് നൽകുകയോ ക്രമപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ ചെലവു സംബന്ധിച്ച തുടർനടപടി വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/ 20.12.2022 ന് കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലുള്ള തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന താണെന്നാണ് മറുപടി ലഭിച്ചിട്ടുള്ളത്.

ഇതു സംബന്ധിച്ച തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

### 1-2-4 ബാധ്യതഇനത്തിൽ വർഷങ്ങളായി തുക നിലനിൽക്കുന്നു

ധനകാര്യപത്രിക ബി-9 ഷെഡ്യൂളിൽ ചുവടെ പറയുന്ന തുകകൾ വർഷങ്ങളായി ബാധ്യതയായി നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|---|
| 1 | റെക്കറിംഗ് ഡെപ്പോസിറ്റ് | - | 2184 | 2193 | 2193 | 2193 | 2193 | 2193 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | (350200119) | | (17472-15288) | (2184+26289-26280) | | | | |
| 2 | റിക്കവറീസ് പേയബിൾ -ഐ.ടി ഡിഡക്റ്റ് @ സോഴ്സ്- മുനിസിപ്പൽ ഫണ്ട് (350200201) | - | - | - | 2532 (65640-63108) | 20 (2532+1789-4301) | 20 | 20 |
| 3 | റിക്കവറീസ് പേയബിൾ - വാറ്റ് - മുനിസിപ്പൽ ഫണ്ട് (350200209) | 229154 (209576+88000 -68422) | 229154 | 229154 | 229154 | 229154 | 229154 | 229154 |
| 4 | റിക്കവറീസ് പേയബിൾ കെ.സി.ഡബ്യൂ.ഡബ്യൂ.എഫ്- മുനിസിപ്പൽ ഫണ്ട് (350200214) | 14597 | 14597 | 14597 | 14597 | 14597 | 14597 | 14597 |
| 5 | റീഫണ്ട് പേയബിൾ - സർവ്വീസ സെസ്സ് (350400104) | 928 | 928 | 928 | 928 | 928 | 928 | 928 |
| 6 | റിക്കവറീസ് പേയബിൾ - മറ്റ്റിക്കവറികൾ (350209900) | - | - | -1501 (31425-32926) | 76628 (-1501+656094 -577965) | 0 (76628+229985-306613) | 10346 | 10346 |
| 7 | വാറ്റ് പേയബിൾ (350300400) | 84457 (58877+25580) | 109446 (84457+24989) | 130227 (109446+20781) | 116692 (130227+42801-56336) | 116692 | 116692 | 116692 |
| 8 | റീഫണ്ട് പേയബിൾ - ഗ്രാന്റ്സ് (350400500) | - | 50000 | 56600 (50000+6600) | 106600 (56600+50000) | 106600 | 106600 | 106600 |
| 9 | ഒഥർപേയബിൾസ് (350309900) | 74000 (317000-243000) | 74000 | 74000 | 113087 (74000+39087) | 39480 (113087+17623-91230) | 382862 (39480+343382) | 121356 (382862+4595-266101) |
| 10 | റീഫണ്ട് പേയബിൾ മറ്റുള്ളവ (350409909) | 167775 (208725+1450150-1491100) | 167775 | 167775 | 55340 (167775+1730455-1842890) | 68356 (55340+3687806-3674790) | 68356 | 271856 (68356+6480805-6277315) |

മേൽ തുകകൾ ഒടുക്കവരുത്താതെ വർഷങ്ങളായി നിലനിൽക്കുന്നതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയി നമ്പർ 2/ 20.12.2022 ന് ക്രമ നമ്പർ 1,2 എന്നിവ പ്രകാരമുള്ള തുകകൾ 3/22 മാസത്തെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ 4/2022 മാസം ഒടുക്കേണ്ട തുകകളാണെന്നും കെ.സി.ഡബ്യൂ.ഡബ്യൂ.എഫ് ശീർഷകത്തിൽ ഒടുക്കവരുത്തുന്നതിനായി തുകകളൊന്നും അവശേഷിക്കുന്നില്ല എന്നുമാണ് സെക്ഷനുകളിൽ അന്വേഷിച്ചപ്പോൾ അറിഞ്ഞതെന്നാണ് മറുപടി ലഭിച്ചിട്ടുള്ളത്.

എന്നാൽ ക്രമ നമ്പർ 1,2 എന്നിവ പ്രകാരമുള്ള തുകകളും കെ.സി.ഡബ്യൂ.ഡബ്യൂ.എഫിൽ 14597/- രൂപയും വർഷങ്ങളായി നിലനിൽക്കുന്നുണ്ട്. മറ്റുള്ളവയ്ക്കുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

മേൽ തുകകൾ ഒടുക്കവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

1-2-5 മറ്റ് റിസീവബിൾസ് ഇനത്തിലെ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു.

ധനകാര്യപത്രിക ബി-15 ഷെഡ്യൂളിൽ " മറ്റ് റിസീവബിൾസ്" ഇനത്തിൽ ഭീമമായ കുടിശ്ശിക തുക വർഷങ്ങളായി നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 272465 | 896588 (272465+ 624123) | 896588 | 2952156 (896588+ 2055568) | 3691514 (2952156+ 739358) | 3691514 | 5540063 (3691514+ 1848549) |

മേൽ തുകകൾ ഏതെല്ലാം ഇനത്തിൽ ലഭ്യമാകേണ്ടതാണെന്നും തുക നാളിതുവരെ ഈടാക്കാത്തതിനുള്ള വിശദീകരണവും ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/ 20.12.2022 ന് വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ, പെൻഷൻ എന്നിവ നഗരസഭ ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളതാണ് ഈ ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും തുക ഡയറക്ടറേറ്റിൽ നിന്നും അലോട്ട്മെന്റായി ലഭിക്കേണ്ടതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ തുകകൾ ലഭിക്കുന്നമുറയ്ക്ക് ക്രമീകരണം വരുത്തി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-2-6 ഉപയോഗശൂന്യമായ അക്കൗണ്ടുകൾ നിലനിൽക്കുന്നു

2021-22 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക RP 40(b) ൽ ചുവടെ പറയുന്ന അക്കൗണ്ടുകളിൽ വർഷങ്ങളായി ഇടപാടുകൾ നടക്കാതെ തുക അവശേഷിക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | കാസറഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 1746 | 1816 (1746+70) | 1849 (1816+73 - 40) | 1884 (1849 + 75- 40) | 1920 (1884+76-40) | 1998 (1920+78) | 1997 (1998+79-80) | 2078 (1997+81) |
| 2 | എസ്.ബി.റ്റി - എസ്.ജി.ആർ.വൈ | 11336 | 11794 (11336+458) | 12429 (11794+635) | 12784 (12429+355) | 12784 | 12784 | 12784 | 12784 |
| 3 | നീലേശ്വരം കോ-ഓപ്പറേറ്റീവ് ബാങ്ക് - എം.എൻ.ഒ.എൽ. എച്ച്. എസ് | 1466 | 1525 (1466+59) | 1586 (1525+61) | 1586 | 1717 (1586+131) | 1786 (1717+69) | 1858 (1786+72) | 1933 (1858+75) |

ഇടപാടുകൾ നടക്കാത്ത അക്കൗണ്ടുകളിൽ ബാക്കി നിൽക്കുന്ന തുക അതാത് ഹെഡിലേക്ക് ഒടുക്കുവരുത്തി അക്കൗണ്ട് ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-2-7 ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

2021-22 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് ഇനത്തിൽ ചുവടെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക ധനകാര്യപത്രികയിലെ ബി-18 ഷെഡ്യൂളിൽ " ലോൺ, അഡ്വാൻസ്, ഡെപ്പോസിറ്റ് " എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| സ്ഥാപന ത്തിന്റെ പേര് | പ്രൊജക്റ്റിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | നിലാവ് പദ്ധതി -മീറ്ററിംഗ് സമ്പ്രദായം സ്ഥാപിക്കൽ | 21200347000401527819 | 200000 | 0 | 200000 |
| കെ.എസ്.ഇ.ബി | കൊല്ലം കൊട്ടിൽ കൊഴുന്തിൽ റോഡ് സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 21200347000400982103 | 270000 | 0 | 270000 |

നിക്ഷേപ പ്രവൃത്തികൾക്ക് തൻവർഷം നൽകിയ തുക RP-41 ഷെഡ്യൂളിലും പ്രവൃത്തികൾ പൂർത്തീകരിച്ച് ധന വിനിയോഗ സാക്ഷ്യപത്രം സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടില്ലെങ്കിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 18 -Loans, Advances And Deposits-ലും ആണ് ഈ ഇനത്തിലുള്ള തുക അക്കൗണ്ട് ചെയ്യേണ്ടത്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് തുക അഡ്വാൻസ് ഹെഡിൽ നിന്ന് ആസ്തി ഹെഡിലേക്ക് മാറ്റുകയും ചെയ്യും. 2021-22 AFS ൽ RP-41 ഷെഡ്യൂളിലും B-18-ലും മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

1-2-8 വസ്തു നികുതി ഡി.സി.ബി - സഞ്ചയ, ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല.

1) വസ്തു നികുതി ഇനത്തിലെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | സഞ്ചയ പ്രകാരം | ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| ഡിമാന്റ് | 19009522 | 21890564 {11667524(തൻവർഷം)+10223040(കുടിശ്ശിക) } |
| കളക്ഷൻ | 11399716 {11007472 + 392244 (അഡ്വാൻസ് )} | 9694744 {7791437(തൻവർഷം)+ 190330 (കുടിശ്ശിക) } |
| ബാലൻസ് | 7648774 | 12195820 {3876087(തൻവർഷം)+8319733(കുടിശ്ശിക) } |

2) സഞ്ചയ പ്രകാരം വസ്തുനികുതി ഇനത്തിലെ ഡി.സി.ബി യിൽ ബാലൻസ് തുകയിൽ 38968/- രൂപയുടെ വ്യത്യാസം കാണുന്നു. ഡിമാന്റായി 19009522 രൂപയും കളക്ഷനായി 11399716 രൂപയുമാണ് രേഖപ്പെടുത്തിട്ടുള്ളത് . ബാലൻസായി 7609806/- രൂപയാണ് വരേണ്ടിയിരുന്നത് ( 19009522 - 11399716) എന്നാൽ 7648774/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകതകൾക്കുള്ള വിശദാംശം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 43/ 29.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-2-9 ഡെപ്പോസിറ്റ്, അഡ്വാൻസ് ഇനത്തിൽ തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ധനകാര്യപത്രിക ബി-18 ഷെഡ്യൂളിൽ " ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് " ഇനത്തിൽ 2015-16 സാമ്പത്തിക വർഷം മുതൽ 32500/- രൂപ നിലനിൽക്കുന്നു.

ഈ തുക നാളിതുവരെ ക്രമീകരിക്കാതത്തിന്റെ വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/ 20.12.2022 ന് 32500/- രൂപ ചാത്തമത്ത് ക്രിമിറ്റോറിയം സ്ഥാപിക്കുന്നതിനായി വൈദ്യുതി കണക്ഷനുവേണ്ടി എസ്റ്റിമേറ്റ് ഒടുക്കിയിട്ടുള്ളതാണെന്നും ചെലവ് ശീർഷകത്തിൽ പേമെന്റ് രേഖപ്പെടുത്തുന്നതിനു പകരം ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് എന്ന അഡ്വാൻസ് ശീർഷകത്തിൽ തെറ്റായി പേമെന്റ് രേഖപ്പെടുത്തിയതുമൂലമാണ് അപാകത സംഭവിച്ചിട്ടുള്ളതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മേൽ അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-2-10 വികസനഫണ്ട് ടി.എസ്.പി. ചെലവഴിക്കാത്തതിനാൽ മുഴുവൻ തുകയും ലാപ്സായി

2021-22 സാമ്പത്തിക വർഷം വികസനഫണ്ട് ടി.എസ്.പി യിൽ ചുവടെ പറയും പ്രകാരം 25546000/- രൂപ ഉത്തരവു പ്രകാരം അനുവദിച്ചിട്ടുണ്ടെങ്കിലും യാതൊരു തുകയും തൻവർഷം ചെലവഴിച്ചിട്ടില്ല.

| ഇൻസ്റ്റാൾമെന്റ് നമ്പർ | അലോട്ട്മെന്റ് നമ്പർ , തീയതി | തുക |
|---|---|---|
| 1 | ജി.ഒ(ആർ.ടി)3367/2021/ഫിൻ, 7/4/2021 | 8505700 |

| | | |
|---|---|---|
| 2 | ജി.ഒ(ആർ.ടി)5206/2021 /ഫിൻ30/7/2021 | 8505700 |
| 3 | ജി.ഒ(ആർ.ടി)22/2022/ഫിൻ, 1/1/2022 | 8505600 |
| 4 | ജി.ഒ(ആർ.ടി)2617/2022/ഫിൻ,31 /3/2022 | 29000 |
| ആകെ | | 25546000 |

ടി.എസ്.പി ഫണ്ട് തുക ചെലവഴിക്കാത്തതിനാൽ അലോട്ട്മെന്റ് പ്രകാരം അനുവദിച്ചിട്ടുള്ള മുഴുവൻ തുകയും ലാപ്സായിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 50560279.49 |
| വരവ് | 198312182 |
| ആകെ | 248872461.49 |
| ചെലവ് | 172174644 |
| നീക്കിയിരിപ്പ് | 76697817.49 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2021-22)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 45406000 | 45406000 | 43089202 | 2316798 | 94.89 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6289400 | 6289400 | 3774595 | 2514805 | 60.01 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 25546000 | 25546000 | 0 | 25546000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 14954619 | 14954619 | 9367006 | 5587613 | 62.64 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 19413989 | 19413989 | 11127648 | 8286341 | 57.32 |
| CFC Un-tied | 0 | 21210810 | 21210810 | 9372121 | 11838689 | 44.19 |
| CFC Tied | 0 | 47261201 | 47261201 | 5423059 | 41838142 | 11.47 |

(*വികസനഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 7464133/- രൂപയും, എസ്.സി.പി യിൽ നിന്നും 53333/- രൂപയും സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. )

**സ.ഉ(സാധാ)നം 2617/2022/ധന, 31/3/2022 പ്രകാരം വികസനഫണ്ട് പൊതുവിഭാഗത്തിൽ അനുവദിച്ച 5734693/- രൂപ എ.സി.ആറിൽ ഉൾപ്പെടുത്തിയിട്ടില്ല ആയതിനാൽ ഈ തുക പട്ടികയിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി)ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്പൊതുവിഭാഗം | 0 | 35,625,069 | 35,625,069 | 35,625,069 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3,721,262 | 3,721,262 | 3,721,262 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9,367,006 | 9,367,006 | 9,367,006 | 0 |
| സംരക്ഷണഗ്രാന്റ്നോൺറോഡ് | 0 | 11,127,648 | 11,127,648 | 11,127,648 | 0 |
| ബി ഫണ്ട് | | | | | |
| വിവാഹധനസഹായം (മിശ്ര വിവാഹം) | 0 | 90000 | 90000 | 90000 | 0 |
| ട്രഷറി അക്കൗണ്ട് | | | | | |
| Provident Fund | 1000000 | 2575057 | 3575057 | 2575057 | 100000 |
| LGTSB | 1000000 | 37243588 | 38243588 | 37243588 | 1000000 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| NULM | 217604 | 48612 | 266216 | 266216 | 0 |
| PMAY (സൗത്ത് ഇൻഡ്യൻ ബാങ്ക്) | 7025061 | 3509001 | 10534062 | 10381969 | 152093 |

| | | | | | |
|---|---|---|---|---|---|
| SBM (സ്വച്ച് ഭാരത് മിഷൻ) | 3916384 | 113555 | 4029939 | 1578197 | 2451742 |
| സംസ്ഥാനാവിഷ്കൃതപദ്ധതി | | | | | |
| SUCHITWAMISSION (സിൻഡിക്കേറ്റ് ബാങ്ക്) | 10434018 | 619679 | 11053697 | 10102886 | 950811 |
| MNOLHS (നീലേശ്വരം കോ-ഓപ്പറേറ്റീവ് ബാങ്ക്) | 1858 | 75 | 1933 | 0 | 1933 |
| SGRY (എസ്.ബി.ടി) | 12784 | 0 | 12784 | 0 | 12784 |
| EMS 404012 (നീലേശ്വരം കോ-ഓപ്പറേറ്റീവ് ബാങ്ക്) | 120375 | 4864 | 125239 | 0 | 125239 |
| AUEGS (കേരള ഗ്രാമീൺ ബാങ്ക്) | 481774 | 10572414 | 11054188 | 10552651 | 501537 |
| തനത്ഫണ്ട് | | | | | |
| SBI OWN FUND | 21608028 | 22465952 | 44073980 | 18979597 | 25094383 |
| SBI E- MANAL | 2534368 | 7325112 | 9859480 | 6092455 | 3767025 |
| NSC BANK 978 | 690921.49 | 27913 | 718834.49 | 0 | 718834.49 |
| SBI.CARDPAYMENT | 38156 | 31686 | 69842 | 6372 | 63470 |
| SBI- E-PAYMENT | 1092480 | 2148959 | 3241439 | 649 | 3240790 |
| PROFFESSION TAX SBI | 40160 | 1125418 | 1165578 | 0 | 1165578 |
| മറ്റുള്ളവ | | | | | |
| FINANCE COMMISSION GRANT | 0 | 44612594 | 44612594 | 8556927 | 36055667 |
| NULM PFMS | 0 | 191167 | 191167 | 191167 | 0 |
| KDC BANK | 1997 | 81 | 2078 | 0 | 2078 |
| SBI-Serviece Tax | 0 | 62951 | 62951 | 62951 | 0 |
| SBI EPF | 0 | 287531 | 287531 | 287531 | 0 |
| URBAN BANK | 15360 | 10481 | 25841 | 23000 | 2841 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 272 | 164 | - | 108 | 60.29 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം2021-22വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 37 | 51036414 | 24 | 13715505 | 26.87 |
| 2 | ഹെൽത്ത് ഓഫീസർ | 13 | 5258993 | 10 | 2535570 | 48.21 |
| 3 | മുനിസിപ്പൽ എഞ്ചിനിയർ | 170 | 136798321 | 83 | 34817178 | 25.45 |
| 4 | കൃഷി ഓഫീസർ | 4 | 3842000 | 4 | 3282000 | 85.42 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 9991760 | 6 | 9649880 | 96.58 |
| 6 | പ്രോജക്ട് ഓഫീസർ-നഗര ദാരിദ്ര്യനിർമാർജന സെൽ | 6 | 9556000 | 5 | 1499152 | 15.69 |
| 7 | പ്രിൻസിപ്പാൽഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ | 10 | 5045300 | 8 | 4377149 | 86.76 |
| 8 | വെറ്റിനറി സർജ്ജൻ | 3 | 4945000 | 3 | 4903400 | 99.16 |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 8 | 4289786 | 8 | 4110495 | 95.82 |
| 10 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 1050000 | 2 | 1050000 | 100 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 1748200 | 3 | 1712453 | 97.96 |
| 12 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 1320000 | 4 | 261503 | 19.81 |
| 13 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 100000 | 0 | 0 | 0 |
| 14 | പട്ടിക ജാതി വികസന ഓഫീസർ | 5 | 5000400 | 4 | 3179991 | 63.59 |
| | ആകെ | 272 | 239982174 | 164 | 85094276 | 35.46 |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 481774 | 10054663 | 10536437 | 10034900 | 501537 |
| ഗുണഭോക്താക്കൾക്കുള്ള വേതനം | 0 | 0 | 0 | 0 | 0 |
| ആകെ | 481774 | 10054663 | 10536437 | 10034900 | 501537 |

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 712 പദ്ധതികളുൾപ്പെടുന്ന 5കോടി 50 ലക്ഷം രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ നഗരസഭ തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 135 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 40555 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം നഗരസഭ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി | 9732800 | 617 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 29977300 | 1957 |
| വാർദ്ധക്യകാലപെൻഷൻ | 44278900 | 3314 |
| വികലാംഗപെൻഷൻ | 8334100 | 541 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 2388400 | 156 |
| മിശ്രവിവാഹം ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20/12/2022 ന് 12.30 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 10,073/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 പൊതു നിയന്ത്രണം

നീലേശ്വരം നഗരസഭാ കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം | ഒഴിഞ്ഞുകിടക്കുന്നത് |
|---|---|---|---|
| 1 | സെക്രട്ടറി | 1 | - |
| 2 | സൂപ്രണ്ട് | 1 | - |
| 3 | റവന്യൂ ഇൻസ്പെക്ടർ | 1 | - |
| 4 | എച്ച്സി/ആർ.ഐ | 1 | - |
| 5 | സീനിയർ ക്ലർക്ക് | 7 | - |
| 6 | ക്ലർക്ക്/ബിൽകലക്ടർ | 7 | - |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 | - |
| 8 | എച്ച്.ഐ ഗ്രേഡ്-1 | 1 | - |
| 9 | ജെ.എച്ച്.ഐ ഗ്രേഡ്-1 | 1 | - |

| | | | |
|---|---|---|---|
| 10 | ജെ.എച്ച്.ഐ ഗ്രേഡ്-II | 3 | 1 |
| 11 | കണ്ടിജന്റ് ജീവനക്കാർ | 7 | - |
| 12 | ടൈപ്പിസ്റ്റ് | 1 | - |
| ആകെ | | 33 | 1 |

## കരാർ നിയമനം

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ഓവർസിയർ എ.യു.ഇ.ജി.എസ് | 1 |
| 2 | അക്കൗണ്ടന്റ് കം ഐ.റ്റി അസിസ്റ്റന്റ് എ.യു.ഇ.ജി.എസ് | 1 |
| 3 | എൻ.യു.എൽ.എം | 1 |
| 4 | ഐ.ബി.പി.എം.എസ് സിവിൽ ഡ്രാഫ്റ്റ് മാൻ | 1 |
| ആകെ | | 4 |

## യോഗ വിവരങ്ങൾ

| ക്രമ നമ്പർ | കമ്മിറ്റി | ഓഡിറ്റ് കാലയളവിൽ (2021-22) ചേർന്ന യോഗങ്ങളുടെ എണ്ണം / തീയതി |
|---|---|---|
| 1 | വികസനകാര്യ സ്ഥിരം സമിതി | 18 എണ്ണം<br>(12.4.21, 11.5.21, 31.5.21, 25.6.21, 16.7.21, 27.7.21, 17.8.21, 18.9.21, 11.10.21, 30.10.21, 8.11.21, 20.11.21, 13.12.21, 28.12.21, 14.1.22, 20.1.22, 3.2.22, 25.3.22 |
| 2 | മരാമത്ത്കാര്യ സ്ഥിരം സമിതി | 15 എണ്ണം<br>(23.4.21, 17.5.21, 3.6.21, 29.6.21, 19.7.21, 30.7.21, 18.8.21, 22.9.21, 18.10.21, 10.11.21, 20.11.21, 30.12.21, 22.1.22, 23.2.22, 30.3.22) |

| | | |
|---|---|---|
| 3 | ധനകാര്യ സ്ഥിരം സമിതി | 18 എണ്ണം<br>(29.4.21, 19.5.21, 23.6.21, 12.7.21, 19.7.21, 27.7.21, 16.8.21, 8.9.21, 7.10.21, 28.10.21, 12.11.21, 14.12.21, 5.1.22, 22.1.22, 2.2.22, 25.2.22, 15.3.22, 26.3.22) |
| 4 | ക്ഷേമകാര്യ സ്ഥിരം സമിതി | 17 എണ്ണം<br>(28.4.21, 11.5.21, 10.6.21, 24.6.21, 19.7.21, 26.8.21, 15.9.21, 30.9.21, 26.10.21, 19.11.21, 7.12.21, 29.12.21, 10.1.22, 22.1.22, 8.2.22, 25.2.22, 21.3.22) |
| 5 | ആരോഗ്യകാര്യ സ്ഥിരം സമിതി | 20 എണ്ണം<br>(20.4.21, 4.5.21, 31.5.21, 18.6.21, 25.6.21, 15.7.21, 29.7.21, 16.8.21, 7.9.21, 25.9.21, 28.10.21, 8.11.21, 30.11.21, 15.12.21, 28.12.21, 25.1.22, 11.2.22, 25.2.22, 9.3.22, 16.3.22) |
| 6 | വിദ്യാഭ്യാസകാര്യ സ്ഥിരം സമിതി | 23 എണ്ണം<br>(27.4.21, 18.5.21, 28.5.21, 14.6.21, 25.6.21, 16.7.21, 29.7.21, 30.7.21, 13.8.21, 3.9.21, 22.9.21, 13.10.21, 23.10.21, 15.11.21, 27.11.21, 9.12.21, 30.12.21, 7.1.22, 17.1.22, 2.2.22, 24.2.22, 5.3.22, 19.3.22) |

| ഓഡിറ്റ് കാലയളവിൽ ചേർന്ന കൗൺസിൽ യോഗങ്ങളുടെ എണ്ണം | തീയതി |
|---|---|
| 20 എണ്ണം | 21.4.21, 6.5.21, 19.5.21, 16.6.21, 29.6.21, 22.7.21, 9.8.21, 18.8.21, 16.9.21, 7.10.21, 25.10.21, 24.11.21, 13.12.21, 17.1.22, 27.1.22, 4.2.22, 10.3.22, 21.3.22, 26.3.22, 30.3.22) |

1-10 ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുക നാളിതുവരെയും ലഭ്യമായിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ - തനത് ഫണ്ട് ബാങ്കിന്റെ റീക്കൺസിലിയേഷൻ റിപ്പോർട്ട് പ്രകാരം ചുവടെ പറയുന്ന തുകകൾ നാളിതുവരെ വരവ് വന്നിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നം, തീയതി | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| 1 | 121060400015, 15/9/2021 | 033343, 15/9/2021 | 200 |
| 2 | 119060400044, 5/3/2020 | 299102, 29/2/2020 | 1250 |
| 3 | 119060400019, 24/10/2019 | 663359, 5/10/2019 | 23400 |
| 4 | 117060500103, 24/3/2018 | 0558693, 21/3/2018 | 1250 |
| 5 | 117060200014, 26/3/2018 | 7506918, 23/3/2018 | 1250 |
| 6 | 11606400006, 28/5/2016 | 958537, 13/5/2016 | 400 |
| 7 | 117060500005, 15/5/2017 | 277636, 28/4/2017 | 182 |
| 8 | 119060900001, 27/6/2019 | 147740553, 29/3/2019 | 5446 |
| 9 | 117060500035, 15/9/2017 | 6622242, 15/9/2017 | 5750 |
| 10 | 119060500078, 13/2/2020 | 342688, 7/2/2020 | 38750 |
| 11 | 120060500086, 13/1/2021 | 911412, 30/12/2020 | 4680 |
| ആകെ | | | 82558/- |

ചെക്ക്/ഡി.ഡി എന്നിവ ലഭിക്കുമ്പോൾ പണമാക്കുന്നതിനു വിധേയമായി എന്ന് വ്യക്തമായി രേഖപ്പെടുത്തിയ രസീത് നൽകേണ്ടതും ഏതെങ്കിലും ചെക്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതുമാണ്. മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതും

രസീത് റദ്ദാക്കിയ വിവരം ചെക്ക് നൽകിയ ആളെ അറിയിക്കേണ്ടതും ബാങ്ക് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഒടുക്കുവാൻ ആവശ്യപ്പെടേണ്ടതും തുക ഒടുക്കുന്ന മുറയ്ക്ക് രസീത് നൽകേണ്ടതുമാണ്.

മേൽ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും മേൽ തുകകൾ നാളിതുവരെ ലഭ്യമാകാത്തതിനുള്ള വിശദീകരണവും ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/ 20.12.2022 ന് എസ്.ബി.ഐ ക്ക് ക്രമ നമ്പർ 1,2 3 , 10,11 പ്രകാരമുള്ള തുകകൾ അക്കൗണ്ടിൽ വരവ് വന്നിട്ടില്ലാത്തതിനുള്ള കാരണം ലഭ്യമാക്കുന്നതിന് 24/12/2022 ലെ A1-9174/22 കത്ത് നൽകിയിട്ടുണ്ടെന്നും മറ്റുള്ളവ നീലേശ്വരം സബ്ട്രഷറിയിലാണ് നൽകിയിട്ടുള്ളതെന്നും ക്രമ നമ്പർ 8 ലെതുകയായ 5446/- രൂപ 29.03.2019 ന് 118030900118 നമ്പർ പ്രകാരം റസീത് അടിക്കുകയും ഡയറക്റ്റിലി ക്രഡിറ്റഡി ടു ബാങ്കായി 119060900001 നമ്പർ പ്രകാരം 27.06.2019 ന് വീണ്ടും റസീത് അടിക്കുകയും ചെയ്തതിനാൽ ഒരു രസീത് ക്യാൻസൽ ചെയ്യേണ്ടതാണെന്നമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ പരാമർശപ്രകാരമുള്ള തുകകൾ ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുകയും, ക്രമ നമ്പർ 8 പ്രകാരമുള്ള തുക അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-11 റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല

2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | കെട്ടിട നമ്പർ | തുക |
|---|---|---|---|---|
| 1 | 29/9/2015 | 11506107689 | 3/893B | 143 |
| 2 | 29/9/2015 | 11506107690 | 3/893A | 183 |
| 3 | 1/10/2015 | 11506107867 | 9/85 | 1308 |
| 4 | 23/2/2016 | 11506114647 | 19/158A | 24 |
| 5 | 26/2/2016 | 11506114959 | 3/893A | 214 |
| 6 | 26/2/2016 | 11506114960 | 3/893B | 168 |
| 7 | 3/3/2016 | 11506115546 | 12/44 | 2 |
| 8 | 24/3/2016 | 11506116746 | 15/207 | 3 |
| 9 | 24/3/2016 | 11506116747 | 15/208 | 3 |
| 10 | 24/3/2016 | 11506116748 | 15/209 | 3 |

| | | | | |
|---|---|---|---|---|
| 11 | 24/3/2016 | 11506116749 | 15/210 | 3 |
| 12 | 31/3/2016 | 11506117242 | 26/87 | 5 |
| 13 | 7/7/2016 | 11606103775 | 10/127 | 2 |
| 14 | 15/3/2017 | 11606114745 | 3/893A | 243 |
| 15 | 15/3/2017 | 11606114746 | 3/893B | 192 |
| 16 | 21/3/2017 | 11606115019 | 7/52A1 | 220 |
| 17 | 22/9/2017 | 117060103466 | 7/52 | 58 |
| 18 | 22/1/2018 | 117060106875 | 21/115 | 588 |
| 19 | 6/2/2018 | 117060107675 | 2/73 | 58 |
| 20 | 27/2/2018 | 117060109562 | 21/181 | 625 |
| 21 | 27/2/2018 | 117060109655 | 5/139 | 788 |
| 22 | 10/4/2018 | 118060100313 | 22/4 | 20 |
| 23 | 5/7/2018 | 118060103649 | 24/265 | 327 |
| 24 | 17/9/2018 | 118060106679 | 32/488 | 116 |
| 25 | 19/12/2018 | 118060110264 | 21/13UAC | 1070 |
| 26 | 8/4/2019 | 119060100118 | 17/90 | 58 |
| 27 | 27/5/2019 | 119060101385 | 24/132A | 2840 |
| 28 | 3/10/2019 | 119060104520 | 11/193 | 105 |
| 29 | 14/1/2021 | 120060107862 | 6/368 | 313 |
| 30 | 12/2/2021 | 120060109300 | 6/47 | 300 |
| 31 | 17/2/2021 | 120060109725 | 2/575 | 372 |
| 32 | 9/8/2021 | 121060103162 | 21/273 | 899 |
| ആകെ | | | | 11253 |

ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/26.12.2022 ന് മുൻവർഷങ്ങളിലെ വിവരങ്ങൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാൻ സാധിക്കാത്തതിനാൽ ഐ.കെ.എം ൽ പരാതി രജിസ്റ്റർ ചെയ്ത് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

1-12 വാടക കുടിശ്ശിക സംബന്ധിച്ച്

നഗരസഭയുടെ 2021-22 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ വാടകയിനത്തിൽ കുടിശ്ശികയുള്ളതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടനമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | XV | മാനേജിംഗ് ഡയറക്ടർ, KTDC | 66,000+11880(GST) | 4x77800=311520/- |
| 2 | 1/703 A | പി വി ഗണേശൻ, S/o ചന്ദ്രൻ | 636+115(GST) | 751x5=3755/- |
| 3 | 1/708 | ഇ കെ ഖദീജ, W/o അബ്ദുൾ അസീസ് | 1957+353(GST) | 2310x5=11550/- |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.31 തീയ്യതി 27.12.2022 ന് ലഭ്യമാക്കിയ മറുപടിയിൽ വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. വാടക കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ലൈസൻസ് ഫീസ് കുടിശ്ശിക ഈടാക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B5 (Sundry Debtors (Receivable)) പ്രകാരം മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് കുടിശ്ശികയിനത്തിൽ 3,87,095/- രൂപ പരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു.

ലൈസൻസ് രജിസ്റ്റർ പ്രകാരം ഫീസ് അടവാക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | കെട്ടിട നം. | സ്ഥാപന ഉടമയുടെ | സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| നം. | | പേര് | |
| 1 | 2/314 | കുഞ്ഞിമൊയ്ദീൻ കുട്ടി ഹാജി | പ്ലാസ്റ്റിക് മെറ്റീരിയൽ സെയിൽസ് |
| 2 | 2/559, 560 | മുസ്തഫ ടി പി | ടി പി എം വെജിറ്റബിൾസ് |
| 3 | 2/698A | രാജീവൻ ഇ | ടി വി സെയിൽസ് |
| 4 | 2/758 | ആന്റണി എ | കൃപ സ്റ്റീൽ ഫർണ്ണിച്ചർ |
| 5 | 3/657 | ഗോപാലൻ എ എ | ആയുർവ്വേദ മരുന്നുകൾ |
| 6 | 3/672 | രജ്ഞിത് പി പി | ഇലക്ട്രോണിക്സ് |
| 7 | 3/954 | ജയപ്രകാശ് പ്രഭ | മെഡിക്കൽ ഷോപ്പ് |
| 8 | 3/991 | ബാബു രാജ് കെ എം | ജ്വല്ലറി |
| 9 | 3/1107 | അബ്ദുൾ നാസർ സിഎച്ച് | റെഡിമെയ്ഡ് ഷോപ്പ് |
| 10 | 3/1200 | പ്രസാദ് എം | മൊബൈൽ ഷോപ്പ് |
| 11 | 3/1223 | സുരേന്ദ്രനാഥ് കെ പി | ഹാർഡ്‌വേർസ് |
| 12 | 4/131 | രമേശൻ നായർ കെ | ജയ മെഡിക്കൽസ് |
| 13 | 5/112 E | ഒ. രാജൻ | വിജി പവർ സൊല്യൂഷൻസ് |
| 14 | 5/160 | രാജേഷ് കെ | പെർഫെക്റ്റ് വെൽഡിംഗ് ഷോപ്പ് |
| 15 | 5/312 | നിതിൻ ലാൽ | അലൂമിനിയം, സ്റ്റീൽ, പ്ലാസ്റ്റിക് കളക്ഷൻ |
| 16 | 6/269 | മുരളീധരൻ എം വി | ഗ്രോസറി ഷോപ്പ് |
| 17 | 8/17 B | സന്തോഷ് ടി വി | ഇന്റർലോക്ക് പ്രൊഡക്ട്സ് |
| 18 | 8/35 | രാനകൃഷ്ണൻ നായർ | ടൈലറിംഗ് |
| 19 | 8/61,62 | ഷിന്റോ എം | ഗ്രോസറി ഷോപ്പ് |
| 20 | 8/63 | ഷിന്റോ എം | ഗ്രോസറി ഷോപ്പ് |
| 21 | 8/145C | അനീഷ് കുമാർ വി കെ | ബിസ്കറ്റ് സെയിൽ |
| 22 | 8/150 A4 | ഷീന& അനിത | വി എസ് ടെന്റ് & ഡെക്കറേഷൻസ് |
| 23 | 8/155 | മുത്തലീബ് എൻ | ഫർണ്ണിച്ചർ ഷോപ്പ് |
| 24 | 8/159 | കുഞ്ഞാലിമ ഇ കെ | ബാർബർ ഷോപ്പ് |
| 25 | 8/243 | അനൂപ് കെ | ഫർണ്ണിച്ചർ ഷോപ്പ് |
| 26 | 8/291A | രാമചന്ദ്രൻ എം വി | വെൽഡിംഗ് ഷോപ്പ് |
| 27 | 8/299 B | കൃഷ്ണൻ കെ വി | എം എം ബി സ്റ്റോർ |
| 28 | 8/404 | ജോസ് പി എ | ഗ്രാനൈറ്റ് |
| 29 | 8/462 | വി പി പോൾ | ഫർണ്ണിച്ചർ ഷോപ്പ് |
| 30 | 10/131 C | ബിന്ദു പി ജെ | ടൈലറിംഗ് |
| 31 | 10/139 | പി ആർ പ്രദീപ് ചന്ദ്രൻ | കൂൾ ബാർ |
| 32 | 10/155 A,B,C | ജോസഫ് അലക്സ് | അലൂമിനിയം പാത്രം വിൽപ്പന |
| 33 | 10/167 | ശോഭ വിജയൻ | വെൽഡിംഗ് |

| | | | |
|---|---|---|---|
| 34 | 10/260 | പ്രദീപ് മോൻ എ | റൈസ് & ഫ്ലോർ മിൽ |
| 35 | 11/110 | സെർജ്ജി ലൂക്കോവ് | രേഖപ്പെടുത്തിയിട്ടില്ല. |
| 36 | 11/722 B | എ കെ കുമാരൻ | രേഖപ്പെടുത്തിയിട്ടില്ല. |
| 37 | 12/36 A | പ്രമോദ് മോൻ | സോഡ മേക്കിംഗ് |
| 38 | 12/83 | അനൂപ് വി | വാർക്ക് ഫാർമ |
| 39 | 12/177 | രാജു ടി | തേങ്ങ കച്ചവടം |
| 40 | 12/360 | രവീന്ദ്രൻ എം വി | ഗ്രോസറി |
| 41 | 13/02 | അശോകൻ എം | ടെന്റ് & ഡെക്കറേഷൻസ് |
| 42 | 13/06 | ദാമോദരൻ വി വി | സിനേഷ് ഫർണ്ണിച്ചർ |
| 43 | 13/172 | പുതിയവേൽ നാണു | സ്റ്റേഷനറി |
| 44 | 13/370 | ബിന്ദു കെ | ഗ്രോസറി |
| 45 | 14/20 | ശാരദ വി വി | ഗ്രോസറി |
| 46 | 14/205 | കെ വി കരുണാകരൻ | ഫ്ലോർ മില്ല് |
| 47 | 15/09 | ലളിത കെ പി | ടോയ്സ് & ഗിഫ്റ്റ് |
| 48 | 15/50 | രാധ വി | ബേക്കറി & കൂൾബാർ |
| 49 | 15/100 | പങ്കജാക്ഷൻ ടി പി | മെഡിക്കൽ ഷോപ്പ് |
| 50 | 15/258 | കൃഷ്ണൻ | ഹോട്ടൽ |
| 51 | 16/305 | കെ മോഹനൻ | ഓട്ടോമൊബൈൽ പാർട്ട്സ് |
| 52 | 16/307 | നാരായണൻ വി വി | വിനീഷ ടയർ വർക്ക്സ് |
| 53 | 16/310 | സൂരാജ് എൻ കെ | സതീഷ് ഇലക്ട്രിക്കൽസ് |
| 54 | 16/314 | പി മുഹമ്മദ് നൗഫൽ | ഓഷ്യൻ ഫിഷ് ഹബ്ബ് |
| 55 | 21/145 | സാദത്ത് പൊയ്യക്കര | കഫിത്തീരിയ |
| 56 | 21/146 To 149 | സാദത്ത് പൊയ്യക്കര | ബേക്കറി & മിനി മാർട്ട് |
| 57 | 22/189 | ഫാത്തിമത്ത് സഫ്രീന | സ്റ്റുഡിയോ |
| 58 | 23/346 D | അബ്ദുള്ള പി | ടീ സ്റ്റാൾ |
| 59 | 23/187 | എൻ അഹമ്മദ് | ഗ്രോസറി |
| 60 | 26/43 | റസിയ എം പി | ബേക്കറി |
| 61 | 28/186 | കല്ലായി ഖദീജ | സിമെന്റ് |
| 62 | 28/188 | അബ്ദുള്ള ബി | ഐസ് ഫാക്ടറി |
| 63 | 29/92 | ധന്യ പി ആർ | ടൈലറിംഗ് |
| 64 | 29/96 | ശരവണൻ | ഹെയർഡ്രസ്സ് |
| 65 | 31/347 | ഷീന പി | ടൈലറിംഗ് |
| 66 | 32/217 | ഫൈസൽ ഇബ്രാഹിം | ഓക്സിയോ മൊബൈൽസ് |
| 67 | 32/543 | ഉണ്ണി പി | ഫ്ലോർ മില്ല് |
| 68 | 32/564 | നിഖിൽ എം | അലൂമിനിയം സ്റ്റീൽ വെസ്സൽസ് |
| 69 | 32/776,777 | വിനോദ് എ കെ | ടൈൽസ്, ബ്രിക്സ് |
| 70 | 32/1389 D,E | ശശി പി | ജെംസ് സൊല്യൂഷൻസ് |

മേൽ പരാമർശിച്ച സ്ഥാപന ഉടമകളിൽ നിന്നും ലൈസൻസ് ഫീസ് അടവാക്കി രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.12 തീയ്യതി 22.12.2022)

## 1-14 തൊഴിൽ നികുതി-അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ചില അപാകതകൾ കാണുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

നഗരസഭയുടെ 2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിലെ ഓഫീസ് മേധാവി/സ്ഥാപന ഉടമ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവു വന്ന തുക |
|---|---|---|---|---|---|---|---|
| 1 | നാരായണൻ കെ, പി.ടി.എസ് | ശിശു വികസന പദ്ധതി ഓഫീസ്, നീലേശ്വരം | 2021-22 ഒന്നാം അർദ്ധ വർഷം | 1,08,628/- | 750/- | 1000/- | 250/- |

മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് രസീതി നം. 122060108200 തിയ്യതി 28.12.2022 പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

2) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2021-22 വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഈടാക്കേണ്ടിയിരുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | നീലേശ്വരം അർബൻ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | ശ്രീ ശങ്കരാചാര്യ കമ്പ്യൂട്ടർ സെന്റർ | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | കേരള ജ്വല്ലേഴ്സ് | 2021-22 രണ്ടാം അർദ്ധ വർഷം |
| 4 | ഭാരത് പെട്രോളിയം, രാജാ റോഡ്, നീലേശ്വരം | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3) <u>അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

നഗരസഭ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് തൊഴിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ നഗരസഭ പ്രദേശത്ത് താമസക്കാരായ ചുവടെ ചേർത്ത അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | തൊഴിൽ നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | രമേശൻ എം.വി, മുണ്ടയിൽ വീട് കടിഞ്ഞിമൂല, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 2 | എം ചന്ദ്രൻ, നീലേശ്വരം, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 3 | ഓർച്ച വാസു, ഓർച്ച, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 4 | വിനീഷ് വി കെ, ചാത്തമത്ത്, കാര്യങ്കോട്, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 5 | സുകുമാരൻ പി പി, തൈക്കടപ്പുറം, | 2021-22 ഒന്നും രണ്ടും |

| | | |
|---|---|---|
| | പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | അർദ്ധവർഷം. |
| 6 | മനോജൻ പി വി, തൈക്കടപ്പുറം, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 7 | വിനോദ് എ കെ, കാര്യങ്കോട്, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 8 | രാജേഷ് പി, കൊയാമ്പുറം, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

നഗരസഭ പ്രദേശത്തെ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | നീലേശ്വരം വനിത സർവ്വീസ് സഹകരണ സംഘം | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 2 | ജേസീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, നീലേശ്വരം | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 3 | എൽ ടി എം ടിമ്പർ ഇൻഡസ്ട്രീസ്, പുത്തരിയടുക്കം | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 4 | പട്ടേന വുഡ് ഇൻഡസ്ട്രീസ് | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 5 | സെന്റ് പീറ്റേഴസ് ഐ സി എസ് സി സ്കൂൾ | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 6 | സ്കോളർ കോളേജ്, നീലേശ്വരം | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 7 | കാസറഗോഡ് ഡിസ്ട്രിക്ട് കൺസ്ട്രക്ഷൻ വെൽഫേർ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 8 | റിയൽ ഹൈപ്പർമാർക്കറ്റ് | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 9 | ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫേർ ബോർഡ് ഓഫീസ് | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |

| | | |
|---|---|---|
| 10 | കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക്, നീലേശ്വരം | 2021-22 രണ്ടാം അർദ്ധവർഷം. |
| 11 | ധനലക്ഷ്മി എന്റർപ്രൈസസ്, പാലാത്തടം | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 12 | പ്രിൻസ് ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്, മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റ് | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 13 | വയനാട് വുഡ് ഇൻഡസ്ട്രീസ്, പുത്തരിയടുക്കം | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 14 | മാനേജർ, സപ്ലൈകോ | 2021-22 ഒന്നാം അർദ്ധവർഷം. |
| 15 | എസ് കെ സ്റ്റോൺ ക്രഷർ, ചാത്തമത്ത് | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 16 | അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 17 | ഖാദി സെന്റർ, നീലേശ്വരം | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 18 | റോയൽ സ്റ്റോൺ ക്രഷർ, പാലാത്തടം | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |
| 19 | സൂര്യ ഇന്റർലോക്ക്, പാലാത്തടം | 2021-22 ഒന്നും രണ്ടും അർദ്ധവർഷം. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29തീയ്യതി 27.12.2022 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പരാമർശിച്ച പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പുരോഗതി വിവരം പ്രഥമ മറുപടിയോടൊപ്പം രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി ഇനത്തിൽ ഭീമമായ കുടിശ്ശിക

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B5 (Sundry Debtors (Receivable)) പ്രകാരം മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ ഇനത്തിൽ 1,21,95,820/- രൂപയുടെ ഭീമമായ തുക പരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11 തീയ്യതി 22.12.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഷെഡ്യൂൾ B5 പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക മുൻവർഷങ്ങളിൽ ഡിമാന്റ് കണക്കാക്കിയതിലെ പിഴവ്

മൂലം സംഭവിച്ചതാണ് എന്നും 2021-22 വർഷത്തെ ഡി.സി.ബി പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക 7648774/-രൂപയാണ് എന്നും ആയതിൽ 1844084/- രൂപ പിരിച്ചെടുത്തിട്ടുള്ളതാണ് എന്നും ബാക്കി തുകയായ 5804849/-രൂപയിൽ 1806955 രൂപ ബഹു. ഹൈക്കോടതി മുമ്പാകെയുള്ള കേസിൽ സ്റ്റേ ഓർഡറുള്ളതിനാൽ പിരിച്ചെടുക്കാൻ സാധിക്കാത്തതാണ് എന്നും ബാക്കി കുടിശ്ശികയുള്ള തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ് എന്നുമാണ് അറിയിച്ചിട്ടുള്ളത്. വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ച പുരോഗതി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2021-22 വർഷംവരെ 5,000/- രൂപയിലധികം വസ്തുനികുതി കുടിശ്ശിക വരുത്തിയ കെട്ടിട ഉടമകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | 31.3.2021- വരെ കുടിശിക തുക |
|---|---|---|---|
| 2 | 1UAC | എ കൃഷ്ണൻ നായർ (,പടിഞ്ഞാറ്റം കൊഴുവിൽ,9447520389മമൊബൈൽ)) | 18261 |
| 2 | 596 | ടാറ്റാ ടെലി സർവ്വീസ് ലിമിറ്റഡ് | 5472 |
| 2 | 615 A | ടാറ്റാ ടെലി സർവ്വീസ് ലിമിറ്റഡ് | 16736 |
| 3 | 350 K2 | ലഭ്യമല്ല. | 23070 |
| 3 | 599 To 610 | വി അശോകൻ(9526292877(മൊബൈൽ)) | 7932 |
| 3 | 644 C,d,i,s,t,w | ലഭ്യമല്ല. | 11248 |
| 3 | 745A(UA) | ബാബു ബി നായർ സർക്കിൾ ഹെഡ് (.,ഇൻഫ്രാസ്ട്രച്ചർ ലിമിറ്റഡ്, കൊച്ചിൻ682035) | 193920 |
| 3 | 841A | ടി കെ ശാന്ത കണ്ണൻ(രജനി വില്ല, കുന്നപാറ,ചിത്താരി,നീലേശ്വരം പി ഒ,671314,9567459444(മൊബൈൽ)) | 5459 |
| 3 | 841 Q | വി കെ പി മുഹമ്മദ് കുഞ്ഞി, ടി പി അർഷാദ് (വള്ളുവക്കാട് കിഴക്കേ പുരയിൽ, തെക്കേ തൃക്കരിപ്പൂർ, ഇളമ്പച്ചി( പിഒ), 9544215136(മൊബൈൽ)) | 6265 |
| 3 | 887A,889 | മൊയിലിക്കിരിയത്ത് മുഹമ്മദ് അഷറഫ്(), അബ്ദുൾ റഷീദ് | 5476 |

| | | | |
|---|---|---|---|
| 3 | 1039 UA | മായിൻ കാടത്ത് അബൂബക്കർ | 138020 |
| 3 | 1040 UA | മായിൻ കാടത്ത് അബൂബക്കർ | 183064 |
| 3 | 1041 UA | മായിൻ കാടത്ത് അബൂബക്കർ | 46579 |
| 3 | 1042 UA | മായിൻ കാടത്ത് അബൂബക്കർ | 102874 |
| 3 | 1043 A(UA) | മായിൻ കാടത്ത് അബൂബക്കർ | 26240 |
| 3 | 1043 UA | മായിൻ കാടത്ത് അബൂബക്കർ | 31557 |
| 3 | 1044 A(UA) | മായിൻ കാടത്ത് അബൂബക്കർ | 27124 |
| 3 | 1044 UA | മായിൻ കാടത്ത് അബൂബക്കർ | 23842 |
| 3 | 1045 G1(UA) | മായിൻ കാടത്ത് അബൂബക്കർ | 28281 |
| 3 | 1045 UA | മായിൻ കാടത്ത് അബൂബക്കർ | 24743 |
| 3 | 1046 A(UA) | മായിൻ കാടത്ത് അബൂബക്കർ | 28794 |
| 3 | 1046 UA | മായിൻ കാടത്ത് അബൂബക്കർ | 28452 |
| 3 | 1047 A(UA) | മായിൻ കാടത്ത് അബൂബക്കർ | 29491 |
| 3 | 1047 UA | മായിൻ കാടത്ത് അബൂബക്കർ | 33062 |
| 3 | 1048 A(UA) | മായിൻ കാടത്ത് അബൂബക്കർ | 30609 |
| 3 | 1048 B(UA) | മായിൻ കാടത്ത് അബൂബക്കർ | 253625 |
| 3 | 1048 UA | മായിൻ കാടത്ത് അബൂബക്കർ | 32227 |
| 3 | 1215 To 1220 | അസിസ്റ്റൻറ് എഞ്ചിനിയർ സിവിൽ സബ്ഡിവിഷൻ (പി എസ് ടി) കണ്ണൂര്() | 9427 |
| 4 | 289 A1,A2,A3 | എറുമുള്ളൻ കുഞ്ഞി ടി, പ്രസിഡണ്ട്(9447469675(മൊബൈൽ)) | 11864 |
| 5 | 318 | എറുമുള്ളൻ കുഞ്ഞി ടി, പ്രസിഡണ്ട്(9447469675(മൊബൈൽ)) | 22284 |
| 7 | 95 A | ജയശ്രീ(.,.,9847619750(മൊബൈൽ)) | 7849 |
| 7 | 197 A | വൈക്കത്ത് കുഞ്ഞിക്കണ്ണൻ(9562297850 (മൊബൈൽ)) | 6356 |
| 7 | 326 A | പ്രസിഡൻറ് മഹാത്മാ എഡ്യൂക്കേഷണൽ സൊസൈറ്റി നീലേശ്വരം | 434097 |
| 7 | 412 | സെക്രട്ടറി ചിന്മയ മിഷൻ നീലേശ്വരം | 74118 |
| 7 | 412 A | ചിഫ് സേവക് ചിന്മയ മിഷൻ എഡ്യൂക്കേഷണൽ & കർച്ചറൽ ട്രസ്റ്റ് | 210876 |
| 7 | 412 B,C | ചിഫ് സേവക് ചിന്മയ മിഷൻ എഡ്യൂക്കേഷണൽ & കർച്ചറൽ ട്രസ്റ്റ് | 15504 |
| 7 | 471 A | പ്രസിഡണ്ട്, വി വി കുഞ്ഞമ്പു സ്മാരക വായനശാല ഗ്രന്ഥാലയം | 6211 |
| 8 | 136 A | സബ് കലക്ടർ കാഞ്ഞങ്ങാട് (കാഞ്ഞങ്ങാട്,നീലേശ്വരം പി ഒ,671314) | 87263 |
| 8 | 136 B | സബ് കലക്ടർ കാഞ്ഞങ്ങാട് (കാഞ്ഞങ്ങാട്,നീലേശ്വരം പി ഒ,671314) | 5178 |

| | | | |
|---|---|---|---|
| 8 | 136 C | സബ് കലക്ടർ കാഞ്ഞങ്ങാട് (കാഞ്ഞങ്ങാട്,നീലേശ്വരം പി ഒ,671314) | 8964 |
| 8 | 236 | സുകുമാരൻ കെ എം | 5826 |
| 8 | 245 | പി നാരായണൻ | 12312 |
| 8 | 494 | മാടക്കത്ത് ടി സുകേശൻ | 6420 |
| 10 | 27 | എ രാജീവൻ | 9852 |
| 10 | 166 A | കെ ബാലകൃഷ്ണൻ (ശേഖർ ടാക്കീസ് | 13012 |
| 10 | 198 | കെ ബാലകൃഷ്ണൻ (ശേഖർ ടാക്കീസ് | 5226 |
| 11 | 74 A | പ്രസിഡണ്ട് ഇന്ത്യൻ നോഷണൽ കോൺഗ്രസ്സ് ആറ് & ഏഴ് വാർഡ് കമ്മറ്റി | 11248 |
| 12 | 121 B | ഐ വി ചന്ദ്രൻ, പ്രസിഡൻറ്(),ഏ കെ പത്മനാഭൻ സെക്രട്ടറി | 5754 |
| 14 | 180 | സെക്രട്ടറി / പ്രസിഡൻറ് ബ്രദേഴ്സ് ആർട്സ് & സ്പോർട്ടസ് ക്ലബ് | 9782 |
| 14 | 253 C | സെക്രട്ടറി വന്ദന ആർട്സ് സ്പോട്സ് ക്ലബ് കാര്യങ്കോട് | 9999 |
| 15 | 84 A1 | രേഖപ്പെടുത്തിയില്ല. | 10120 |
| 15 | 180 | ഡിസ്റ്റിറ്റ് മാനേജർ ഫുഡ് കോർപ്പറേറ്റിവ് ഓഫ് ഇന്ത്യ(9495946868(മൊബൈൽ)) | 7394 |
| 15 | 181, 183,184 | ഡിസ്റ്റിറ്റ് മാനേജർ ഫുഡ് കോർപ്പറേറ്റിവ് ഓഫ് ഇന്ത്യ(9495946868(മൊബൈൽ)) | 9788 |
| 16 | 459 A | പ്രസിഡൻറ് ജുമാമസ്ജിദ് | 22518 |
| 16 | 462 H | പാത്തുഞ്ഞി എന്ന ബീഫാത്തിമ,സുൽഫിക്കർ,സക്കീന, സാജിത,ഷഹനാസ് | 22658 |
| 16 | 443 | സിദ്ധിഖ് ബി (8710001100(മൊബൈൽ)) | 7027 |
| 16 | 440,442, 444,449,451 | സിദ്ധിഖ് ബി (8710001100(മൊബൈൽ)) | 7339 |
| 16 | 458 A4 | (9447463848(മൊബൈൽ) (9447463848(മൊബൈൽ) | 5304 |
| 16 | 458 A7 | 1.പാത്തുഞ്ഞി എന്ന ബീഫാത്തിമ (കമ്മാടത്ത് ഹൌസ്, കമ്മാടം,പരപ്പ പി ഒ,671533,9447463848(മൊബൈൽ), കെ.പി.സക്കീന (കമ്മാടത്ത് ഹൌസ്,കമ്മാടം, | 6792 |
| 17 | 157 | ചീറമ്മൽ അബ്ദുൾ സമദ് (8086872343(മൊബൈൽ) | 5132 |
| 17 | 274 A | സെക്രട്ടറി, ജനക്ഷേമ സമിതി (പള്ളിക്കര,നീലേശ്വരം പി ഒ,671314, 9446620450(മൊബൈൽ)) | 5436 |
| 18 | 146 A | സെക്രട്ടറി, ജനക്ഷേമ സമിതി (പള്ളിക്കര, | 24192 |

| | | | |
|---|---|---|---|
| | | നീലേശ്വരം പി ഒ,671314,9446620450(മൊബൈൽ)) | |
| 18 | 160 A | റഹീം അബൂബക്കർ സിതാരകത്ത് | 8100 |
| 18 | 369 A1 | നാരായണി കെ വി(9048649064(മൊബൈൽ)), രാമദാസ് കെ വി, രാധിക കെ വി, രജിത കെ വി | 12399 |
| 19 | 178 To 199 | സക്കീന ചിറമ്മൽ | 7465 |
| 20 | 82 A | സെക്രട്ടറി സി പി ഐ(എം) കൊയാമ്പുറം ബ്രാഞ്ച് | 12638 |
| 21 | 321 To 340 | ഇ മുഹമ്മദലി | 21109 |
| 21 | 344 To 365 | കാർത്യായനി പി മുതൽ ആറ് പേർ | 17893 |
| 22 | 79 A | സി പി കുഞ്ഞബ്ദുള്ള , നാലുപുരാപ്പാട്ടിൽ സുഹറ | 5572 |
| 22 | 259 A | പറമ്പത്ത് മുഹമ്മദ് കുഞ്ഞി | 6285 |
| 22 | 387 A | ടി കെ അബ്ദുൾ റൗഫ് | 9488 |
| 23 | 30 B | കെ.പുഷ്പവല്ലി (കുറുവളൻ ഹൌസ്,കൊടകോളനി,തൈക്കടപ്പുറം പി ഒ, 671314,6282267085(മൊബൈൽ)) | 6006 |
| 23 | 104 A | സെക്രട്ടറി, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ, കടിഞ്ഞിമൂല ബ്രാഞ്ച് (കടിഞ്ഞിമൂല,തൈക്കടപ്പുറം പി ഒ,671314) | 63384 |
| 23 | 176 A | പ്രസിഡണ്ട്, കടിഞ്ഞിമൂല ശ്രീവിഷ്ണുമൂർത്തി ദേവസ്ഥാനം | 12881 |
| 24 | 221 A1 | പ്രസിഡണ്ട് സെക്രട്ടറി വിവേകാനന്ദ സേവാ സമിതി(തൈക്കടപ്പുറം) | 6211 |
| 25 | 106 A,B | കുന്നമ്മൽ ഹാജിറ | 6576 |
| 26 | 268 | കെ.സറഫുന്നീസ(ചിറമ്മൽ ഹൌസ്,പള്ളിക്കര,നീലേശ്വരം പി ഒ,671314,8086372343(മൊബൈൽ)) | 34955 |
| 27 | 1UAC18 | അഷ്റഫ് എ എം (.,ഹോസ്പിറ്റൽ റോഡ്,തൈക്കടപ്പുറം പി ഒ, 671314,9947664778(മൊബൈൽ)) | 12235 |
| 27 | 10UAC | കെ ബാലകൃഷ്ണൻ(.,തൈക്കടപ്പുറം,തൈക്കടപ്പുറം പി ഒ,671314) | 6396 |
| 29 | 1UA | പി വി പ്രഭാകരൻ (ലക്ഷ്മി നിലയം, തൈക്കടപ്പുറം,തൈക്കടപ്പുറം പി ഒ,671314, 9495027088(മൊബൈൽ)) | 9665 |
| 29 | 3UAC | കെ വി നാരായണി (.,തൈക്കടപ്പുറം, നീലേശ്വരം,തൈക്കടപ്പുറം പി ഒ,671314) | 27046 |
| 29 | 13UAC | പള്ളിവളപ്പിൽ ബീഫാത്തിമ (.,തൈക്കടപ്പുറം,നീലേശ്വരം,തൈക്കടപ്പുറം പി ഒ,671314,9544294833(മൊബൈൽ)) | 7317 |

| | | | |
|---|---|---|---|
| 31 | 185 A | സുരേഷ് ബാബു | 17142 |
| 32 | 1D | പ്രസിഡണ്ട് അൻസ്സാറുൽ ഇസ്ലാം ജമാ അത്ത് കമ്മറ്റി | 5570 |
| 32 | 161 | ഇ കെ അബ്ദുൾ റസാഖ് | 23520 |
| 32 | 162 | ഇ കെ അബ്ദുൾ റസാഖ് | 22647 |
| 32 | 164 TO 204 | ഇ കെ അബ്ദുൾ റസാഖ് | 104572 |
| 32 | 205 | ഇ കെ അബ്ദുൾ റസാഖ് | 24792 |
| 32 | 528 | ടി കെ പാറു | 5268 |
| 32 | 529,530,531 | ടി വി പാറു | 10187 |
| 32 | 685 A | തലക്കൽ സൈനബ | 5310 |
| 32 | 840 | ടി മുഹമ്മദ് കുഞ്ഞി | 5259 |
| 32 | 1027J | സെക്രട്ടറി (നിലേശ്വരം അഗ്രിക്കൾച്ചറിസ്റ്റ് വെൽഫയർ കോ ഓപ്പറേറ്റിവ് സൊസൈറ്റി ലിമിറ്റഡ്, നീലേശ്വരം,നീലേശ്വരം പി ഒ,671314,9447035718(മൊബൈൽ)) | 10602 |
| 32 | 1027 K | സെക്രട്ടറി(നിലേശ്വരം അഗ്രിക്കൾച്ചറിസ്റ്റ് വെൽഫയർ കോ ഓപ്പറേറ്റിവ് സൊസൈറ്റി ലിമിറ്റഡ്, നീലേശ്വരം,നീലേശ്വരം പി ഒ, 671314,9447035718(മൊബൈൽ)) | 12322 |
| 32 | 1164 A | ഒഴിക്കണ്ടത്തിൽ പ്രദീപ് (), ഒഴിക്കണ്ടത്തിൽ ലീന | 7530 |
| 32 | 1194 N | സി എച്ച് അഷ്റഫ് (നീലേശ്വരം പി ഒ,671314),സി എച്ച് സുബൈർ(നീലേശ്വരം പി ഒ,671314) | 99842 |
| 32 | 1511 A,B | കൊട്ടങ്കു സ്വാമി | 5171 |

1-16 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ചില മൊബൈൽ ടവർ ഉടമകൾ വസ്തുനികുതി കുടിശ്ശിക വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ടവർ കെട്ടിട നമ്പർ | ഓപ്പറേറ്റർ/ ഉടമ/നിർമ്മാതാവ്/ ലൈസൻസി | കുടിശ്ശിക കാലയളവ് | അടവാക്കേണ്ട തുക |
|---|---|---|---|---|
| 1. | 2/596 | ടാറ്റ ടെലി സർവ്വീസ് ലിമിറ്റഡ് | 2021-22 ഒന്നും രണ്ടും അർദ്ധ വർഷം | 5472 |
| 2. | 3/745/A(UA) | ബാബു ബി നായർ, സർക്കിൾ ഹെഡ്, ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ്, കൊച്ചിൻ | 2016-17 ഒന്നാം അർദ്ധ വർഷം മുതൽ 2021-22 രണ്ടാം അർദ്ധ വർഷം വരെ | 6x32320 =193920 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13 തീയ്യതി 23.12.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1 പ്രകാരമുള്ള മൊബൈൽ ടവർ ഉടമയിൽ നിന്നും വസ്തു നികുതി ഈടാക്കുന്നത് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട് എന്നും ക്രമ നം. 2 പ്രകാരമുള്ള ഉടമയിൽ നിന്നും വസ്തു നികുതി അടവാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുള്ളതും, സംസ്ഥാനത്തൊമ്പാടുമുള്ള ടി കമ്പനിയുടെ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നത് സ്റ്റേ ചെയ്തിട്ടുണ്ട് എന്നുമാണ് അറിയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

27.04.2015-ലെ സ.ഉ(എം.എസ്)നം.144/2015/തസ്വഭവ പ്രകാരം വസ്തുനികുതി വർദ്ധനവ് 100 ശതമാനമായി പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. നികുതി വർദ്ധനവ് പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ നഷ്ടം ഉണ്ടാവുന്നില്ലെങ്കിലും വസ്തുതാപരമായ പിഴവ് തുടരുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച. മീറ്ററിൽ) |
|---|---|---|---|
| 1 | 1/207 | എം വി ചെറിയ കുഞ്ഞമ്പു | 104 |
| 2 | 3/95 | സെക്രട്ടറി, ബീഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 110 |
| 3 | 3/694/A | എൻ ഉദയ ശങ്കര പൈ | 103.19 |
| 4 | 3/694/B | എൻ ഉദയ ശങ്കര പൈ | 103.19 |
| 5 | 3/1058 | വി കുഞ്ഞമ്പു നായർ | 145 |
| 6 | 4/152/B | വേളിക്കോത്ത് റസിയ | 144.25 |
| 7 | 5/370 | സംഗീത കെ വി | 104.58 |
| 8 | 6/300 | കെ ചന്ദ്രശേഖരൻ | 120 |
| 9 | 7/352 | എച്ച് ഗജാനന കമ്മത്ത്, ഗായത്രി കമ്മത്ത് | 300 |
| 10 | 7/353 | ആയിഷ കുളിക്കാട്, മുഹ്സിന എം കെ | 180 |
| 11 | 8/102 | ആനിക്കിൽ കമലാക്ഷി അമ്മ | 140 |
| 12 | 8/145 | പൂമാടത്ത് മുസ്തഫ | 250 |
| 13 | 8/401 | പി സലാവുദ്ധീൻ | 110 |
| 14 | 8/402 | പി സലാവുദ്ധീൻ | 110 |
| 15 | 8/406 | ജോർജ്ജ് അടുക്കുഴിയിൽ | 180 |

| | | | |
|---|---|---|---|
| 16 | 8/423 | ഫ്രാൻസിസ് തൈപ്പാടം | 170 |
| 17 | 8/503 | ടി ടി വി സന്തോഷ് | 192.94 |
| 18 | 12/82/A | ടി പി ദയാനന്ദൻ | 119.78 |
| 19 | 12/108/b | തേർത്തല സരോജിനി | 185.41 |
| 20 | 15/88 | എൻ അച്യുതഭക്ത | 153.4 |
| 21 | 15/89 | എൻ അച്യുതഭക്ത | 153.4 |
| 22 | 16/294 | പി നാരായണൻ | 124.38 |
| 23 | 16/295 | പി നാരായണൻ | 124.38 |
| 24 | 16/296 | പി നാരായണൻ | 124.38 |
| 25 | 16/297 | പള്ളിക്കര നാരായണൻ | 124.38 |
| 26 | 16/298 | പള്ളിക്കര നാരായണൻ | 124.38 |
| 27 | 16/341 | കെ വി രാഘവൻ | 180 |
| 28 | 18/171 | കമ്മാടത്ത് പൊയ്യക്കര ലൈല | 160 |
| 29 | 18/408 | ദിവ്യശ്രീ പി | 180.8 |
| 30 | 19/173 | എം ടി പി ജമാലുദ്ദീൻ | 118.14 |
| 31 | 19/174 | എം ടി പി ജമാലുദ്ദീൻ | 118.14 |
| 32 | 19/175 | എം ടി പി ജമാലുദ്ദീൻ | 118.14 |
| 33 | 19/176 | എം ടി പി ജമാലുദ്ദീൻ | 118.14 |
| 34 | 21/274 | സെക്രട്ടറി, കേരള നവ്ദത്തുൾ മുജാഹിദ്ദീൻ | 101.26 |
| 35 | 22/71 | മൂപ്പന്റകത്ത് മൈമൂന, മൂപ്പന്റകത്ത് ഫാത്തിമ | 180 |
| 36 | 22/87/A | പ്രസിഡന്റ്/ സെക്രട്ടറി കോട്ടപ്പുറം ശ്രീ വൈകുണ്ഠേശ്വര ക്ഷേത്ര സമിതി | 277.35 |
| 37 | 23/305/A | സെക്രട്ടറി, നീലേശ്വരം ബീഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 180 |
| 38 | 26/268 | കെ സറഫുന്നിസ | 292 |
| 39 | 27/185 | പ്രസിഡന്റ് മുസ്ലിം വെൽഫെയർ അസ്സോസ്സിയേഷൻ | 107.52 |
| 40 | 28/188 | നിസ്സാർ എൽ കെ, സജീദ് എൽ കെ | 140 |
| 41 | 31/211 | എ സുമേഷ് കുമാർ | 114.52 |
| 42 | 31/258 | എ കെ സുജാത | 150 |
| 43 | 32/26 | ദേവദാസ് ആരോൺ | 540 |
| 44 | 32/243 | സെക്രട്ടറി, തർബിയത്തുൾ ഇസ്ലാം സഭ | 146.56 |
| 45 | 32/284 | എൻ പി അബ്ദുൾ സലാം ഹാജി | 185.9 |
| 46 | 32/287 | എൻ പി അബ്ദുൾ സലാം ഹാജി | 220.74 |
| 47 | 32/437 | രമ സരസ്വതി | 300 |
| 48 | 32/558 | ദേവൻ ശ്രീകാന്ത്, ദേവൻ ശ്രീജിത്ത് | 190 |

| | | | |
|---|---|---|---|
| 49 | 32/559 | ദേവൻ ശ്രീകാന്ത്, ദേവൻ ശ്രീജിത്ത് | 110 |
| 50 | 32/576 | ശിവദാസ് കെനേരി | 125.7 |
| 51 | 32/577 | ശിവദാസ് കെനേരി | 120 |
| 52 | 32/1027/D | ഷാജിത്ത് പി ഇ | 128.5 |
| 53 | 32/1028 | ടി സതീശൻ | 145.48 |
| 54 | 32/1153 | സി എച്ച് മുഹമ്മദ് കുഞ്ഞി | 144 |
| 55 | 32/1184 | വേണുഗോപാലൻ എ | 120 |
| 56 | 32/1194/L | സി എച്ച് അഷറഫ്, സി എച്ച് സുബൈർ | 284.5 |
| 57 | 32/1258 | പി തങ്കമണി, പി അജയകുമാർ | 125 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.30 തീയ്യതി 27.12.2022 ന് ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ തിരുത്തൽ വരുത്തി ആയത് പരിശോധനയ്ക്കായി സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18-1 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു-1736/-രൂപ നഷ്ടം

നഗരസഭയുടെ വസ്തുനികുതി വിജ്ഞാപനം പ്രകാരം 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണം കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 60 രൂപയും, 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണം കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 80 രൂപയുമാണ് നികുതി നിരക്ക്.

നഗരസഭയിൽ, വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ തുടങ്ങിയ കെട്ടിടങ്ങൾക്ക് 100ച.മീ.ന് താഴെ വിസ്തീർണ്ണമുള്ള വ്യത്യസ്ത മുറികളാക്കി നമ്പർ അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് സഞ്ചയയിൽ കെട്ടിടത്തെ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിലുൾപ്പെടുത്തി അവയുടെ നികുതി നിരക്കായ, ച.മീറ്ററിന് 80 രൂപ നിരക്കിലുള്ള നികുതി തന്നെയാണ് നിർണ്ണയിച്ച് ഈടാക്കി വരുന്നത്.

എന്നാൽ പ്രസിഡന്റ്, അതിഞ്ഞാൽ മുസ്ലിം ജമാ അത്ത് കമ്മിറ്റി, മാണിക്കോത്ത് എന്നയാളുടെ ഉടമസ്ഥതയിലുള്ള ബഹു നില വാണിജ്യ കെട്ടിടത്തിനു 876 A മുതൽ 876 X വരെ നമ്പർ അനുവദിച്ച് നൽകിയതിൽ 876 D എന്ന നമ്പർ അനുവദിച്ച മുറി 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരത്തിൽ ഉൾപ്പെടുത്തി ച. മീറ്ററിന് 80/- രൂപ എന്ന നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. എന്നാൽ നമ്പർ നൽകിയപ്പോൾ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കുകയാണ് ചെയ്തത്.

അപാകത സംബന്ധിച്ച വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 47 തീയ്യതി 30.12.2022 ന് ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയയിൽ ചേർത്തപ്പോൾ സംഭവിച്ച പിഴവ് മൂലമാണ് ഇപ്രകാരം സംഭവിച്ചത് എന്നും തിരുത്തൽ വരുത്തി സമർപ്പിക്കുന്നതാണ് എന്നുമാണ് അറിയിച്ചിട്ടുള്ളത്. കുറവുവന്ന തുക നികുതി നിർണ്ണയിച്ച തിയ്യതി മുതൽ നാളിതുവരെയുള്ള കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതും വസ്തു നികുതി പുനർ നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം, വിസ്തീർണ്ണം | സഞ്ചയ പ്രകാരമുള്ള ഡിമാന്റ് (ലൈബ്രറി സെസ്സ്, സർവ്വീസ് ചാർജ്ജ് | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | ഉൾപ്പെടെ) | | |
| പ്രസിഡന്റ്, അതിഞ്ഞാൽ മുസ്ലിം ജമാ അത്ത് കമ്മിറ്റി, മാണിക്കോത്ത് | 32/876 D, 63.45 M2 | 5210/- | അടിസ്ഥാന വസ്തു നികുതി 63.45x80= 5076/- | 1736/- |
| | | | സഞ്ചയ പ്രകാരമുള്ള വർദ്ധനവ് 20%= 1016/- | |
| | | | ലൈബ്രറി സെസ്സ് 5%= 305/- | |
| | | | സർവ്വീസ് ചാർജ്ജ് 9%= 549/- | |
| | | | ആകെ-6946/- | |

1-18-2 കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള ചില വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചതായി കാണുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ വിലാസം | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി (₹/M2) | നിർണ്ണയിക്കേണ്ട നികുതി (₹/M2) |
|---|---|---|---|---|---|
| 1 | മായിൻകാടത്ത് അബൂബക്കർ | 1039/ua | 92.30 | 60 | 80 |
| | | 1041 /Ua | 39.45 | 60 | 80 |
| | | 1042/ua | 92.30 | 60 | 80 |
| | | 1043 /A(ua) | 22.70 | 60 | 80 |
| | | 1044/A(ua) | 23.65 | 60 | 80 |
| | | 1044/ua | 21.70 | 60 | 80 |
| | | 1045/G1(ua) | 24.65 | 60 | 80 |
| | | 1046/A(ua) | 27 | 60 | 80 |
| | | 1046/ua | 27 | 60 | 80 |
| | | 1047/ua | 31 | 60 | 80 |
| | | 1047/A(ua) | 27.05 | 60 | 80 |
| | | 1048/A(ua) | 28.29 | 60 | 80 |

| | | | | |
|---|---|---|---|---|
| | 1048/ua | 30.14 | 60 | 80 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 48 തീയ്യതി 30.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യങ്ങൾ ഒരുക്കാത്ത ബഹുനില വാണിജ്യ കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമ്മിറ്റ് അനുവദിച്ചു-ചട്ട ലംഘനം

മതിയായ പാർക്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കാത്ത ചില കെട്ടിടങ്ങൾക്ക് നഗരസഭ നിർമ്മാണ അനുമതി നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| ഫയൽ നമ്പർ | 7536/21 |
| അപേക്ഷകയുടെ പേര്, വിലാസം | പാട്ടില്ലത്ത് കുഞ്ഞാസിയ, D/o എം കെ മമ്മു ഹാജി, മാർക്കറ്റ് റോഡ് നീലേശ്വരം |
| പ്ലോട്ടിന്റെ വിശദാംശങ്ങൾ | റീ സർവ്വേ നം. 433/2B-pt3, 433/3pt5,<br>വിസ്തീർണ്ണം-18.75 സെന്റ് (759 M2) |
| കെട്ടിട ഗണം | വാണിജ്യം (ഗ്രൂപ്പ് എഫ്) |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 925.99 M2 (പ്ലിന്ത് ഏരിയ)<br>895.62 M2 (ഫ്ലോർ ഏരിയ) |
| പെർമ്മിറ്റ് നം, തീയ്യതി | BA-106/21-22, 20.11.2021 |
| രസീതി നം, തുക | 121060-106557, 19.11.2021, തുക-9823/- |

ഫയൽ നമ്പർ 7536/21 പ്രകാരം പാട്ടില്ലത്ത് കുഞ്ഞാസിയ എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ നീലേശ്വരം മാർക്കറ്റിൽ മുനിസിപ്പാലിറ്റി റോഡിനു സമീപമായി 433/2B-pt3, 433/3pt5 റീ സർവ്വേ നമ്പറിലുള്ള 18.75സെന്റ് സ്ഥലത്ത് 925.99m2 വിസ്തീർണ്ണമുള്ള വാണിജ്യ ഗണത്തിൽ ഉൾപ്പെട്ട (ഗ്രൂപ്പ് എഫ്) കെട്ടിടത്തിനു നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമ അപേക്ഷയോടൊപ്പം സമർപ്പിച്ച പാർക്കിംഗ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള കാർ പാർക്കിംഗ്, ടൂവീലർ പാർക്കിംഗ് സൗകര്യങ്ങൾ അപര്യാപ്തമാണ്. ആയതിന്റെ വിശദാംശങ്ങൾ ഇനി പറയുന്നു.

1) 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29(3), പട്ടിക 10 പ്രകാരം വാണിജ്യ (ഗ്രൂപ്പ് എഫ്) ഗണത്തിൽപ്പെട്ട 1260 M2 വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഓരോ 90 M2 തറ വിസ്തീർണ്ണത്തിനും ഒരു കാർ പാർക്ക് ചെയ്യാനുള്ള സ്ഥലം (5.5 X 2.7 =14.85 M2) എന്ന കണക്കിൽ പാർക്കിംഗ് സൗകര്യങ്ങൾ പ്ലോട്ടിൽ ലഭ്യമാക്കേണ്ടതുണ്ട്.

ആയതു പ്രകാരം (895.62/90)=9.95, റൗണ്ട് ചെയ്താൽ 10 എണ്ണം കാറുകൾക്ക് പാർക്ക് ചെയ്യാനുള്ള

സ്ഥലം പ്ലോട്ടിൽ ലഭ്യമാക്കേണ്ടതുണ്ട്. കെട്ടിട ഉടമ സമർപ്പിച്ച പാർക്കിംഗ് പ്ലാനിൽ 10 കാറുകൾക്ക് പാർക്ക് ചെയ്യാനുള്ള സ്ഥലം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചട്ടം 29(8) പ്രകാരം വാഹനങ്ങൾക്ക് തിരിക്കാനും സുഗമമായി കടന്നുപോകാനുമുള്ള സ്ഥലം ഉള്ള പക്ഷം കെട്ടിടങ്ങൾക്ക് ചുറ്റും ഒഴിച്ചിടേണ്ട തുറന്ന സ്ഥലത്തിന്റെ പരമാവധി 50% വരെ പാർക്കിംഗിന് എടുക്കാവുന്നതാണ്. എന്നാൽ ആയത് പാലിക്കപ്പെടാത്തതിനാൽ പാർക്കിംഗ് പ്ലാൻ പ്രകാരമുള്ള 10 കാറുകളുടെ പാർക്കിംഗ് പ്രായോഗികമല്ല. ഇക്കാര്യം 26.02.2022 തീയ്യതി നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

2) ചട്ടം 29(4) പ്രകാരം ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിനാവശ്യമായ സൗകര്യത്തോട് കൂടിയായിരിക്കണം ഓരോ തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലവും വ്യവസ്ഥ ചെയ്യേണ്ടത്. കൂടാതെ ഡ്രൈവിംഗിനുള്ള സ്ഥലവും ഇടനാഴിയും വാഹനങ്ങൾ തിരിക്കാനുള്ള സ്ഥലവും ഒരുക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള സൗകര്യങ്ങൾ പ്ലോട്ടിൽ ലഭ്യമല്ല.

3) ചട്ടം 29(5) പ്രകാരം ഇരുചക്ര വാഹനങ്ങൾക്കായി കാർ പാർക്കിംഗിനുള്ള സ്ഥലത്തിന്റെ 25% ലഭ്യമാക്കേണ്ടതുണ്ട്. ആയത് പ്രകാരം 10x14.85x25/100=37.13m2 ഇരു ചക്രവാഹനങ്ങളുടെ പാർക്കിംഗിനായി ഒരുക്കേണ്ടതുണ്ട്. ഉടമ സമർപ്പിച്ച പ്ലാനിൽ പ്രസ്തുത പാർക്കിംഗ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പ്രായോഗികമല്ല.

4) ചട്ടം 29(7) പ്രകാരം പട്ടിക 10 പ്രകാരമുള്ള പാർക്കിംഗ് സൗകര്യങ്ങൾക്ക് പുറമേ വാണിജ്യ ഗണത്തിൽപ്പെട്ട 700 M2 ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, 700 M2 ന് ശേഷമുള്ള ഓരോ 1000 M2 തറ വിസ്തീർണ്ണത്തിനും 30 M2 ഏരിയ ലോഡിംഗ് & അൺലോഡിംഗിനായി പ്ലോട്ടിൽ ലഭ്യമാക്കേണ്ടതുണ്ട്. ആയത് പ്ലോട്ടിൽ ലഭ്യമല്ല.

കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പരിശോധിച്ച മുനിസിപ്പൽ എഞ്ചിനീയർ പാക്കിംഗ് പ്ലാനിൽ ഡ്രൈവ് വേ ലഭ്യമല്ല എന്നുള്ള ന്യൂനത റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച അപാകത പരിഹരിക്കാതെ പെർമ്മിറ്റ് അനുവദിച്ചതായി കാണുന്നു. ആയത് ക്രമപ്രകാരമല്ല. ഇപ്രകാരം ചട്ടങ്ങൾ പാലിക്കാതെ കെട്ടിടനിർമ്മാണ പെർമ്മിറ്റ് അനുവദിച്ചതിനു വിശദീകരണം ലഭ്യമാക്കേണ്ടതും ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് ആയതിന്റെ വിശദാംശങ്ങൾ പ്രഥമ മറുപടിയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

2)

| | |
|---|---|
| ഫയൽ നമ്പർ | 1431/21 |
| അപേക്ഷകയുടെ പേര്, വിലാസം | ഗോഡ്‌വിൻ ഹെബ്ബിക് |
| പ്ലോട്ടിന്റെ വിശദാംശങ്ങൾ | റീ സർവ്വേ നം. 111/7 APT1<br>വിസ്തീർണ്ണം-12 സെന്റ് (486.59 M2) |
| കെട്ടിട ഗണം | വാണിജ്യം (ഗ്രൂപ്പ് എഫ്) |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 527.04 M2 (പ്ലിന്ത് ഏരിയ)<br>433.91 M2 (ഫ്ലോർ ഏരിയ) |
| പെർമ്മിറ്റ് നം, തീയ്യതി | BA-273/21-22, 28.04.2022 |
| രസീതി നം, തുക | 122060-100847, 26.04.2022, |

| | |
|---|---|
| | തുക-5660/- |

ഫയൽ നമ്പർ 1431/21 പ്രകാരം ഗോഡ്‌വിൻ ഹെബ്ബിക് എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ ചെറപ്പുറം എന്ന സ്ഥലത്ത് പള്ളിക്ക് എതിർവശമായി 111/7APT1 റീ സർവ്വേ നമ്പറിലുള്ള 12 സെന്റ് സ്ഥലത്ത് 527.04 M2 വിസ്തീർണ്ണമുള്ള വാണിജ്യ ഗണത്തിൽ ഉൾപ്പെട്ട (ഗ്രൂപ്പ് എഫ്) കെട്ടിടത്തിന നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമ അപേക്ഷയോടൊപ്പം സമർപ്പിച്ച പാർക്കിംഗ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള കാർ പാർക്കിംഗ്, ടൂവീലർ പാർക്കിംഗ് സൗകര്യങ്ങൾ അപര്യാപ്തമാണ്. ആയതിന്റെ വിശദാംശങ്ങൾ ഇനി പറയുന്നു.

1) 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29(3), പട്ടിക 10 പ്രകാരം വാണിജ്യ (ഗ്രൂപ്പ് എഫ്) ഗണത്തിൽപ്പെട്ട 1260 M2 വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഓരോ 90 M2 തറ വിസ്തീർണ്ണത്തിനും ഒരു കാർ പാർക്ക് ചെയ്യാനുള്ള സ്ഥലം (5.5 X 2.7 =14.85 M2) എന്ന കണക്കിൽ പാർക്കിംഗ് സൗകര്യങ്ങൾ പ്ലോട്ടിൽ ലഭ്യമാക്കേണ്ടതുണ്ട്.

ആയതു പ്രകാരം (433.91/90)=4.82, റൗണ്ട് ചെയ്താൽ 5 എണ്ണം കാറുകൾക്ക് പാർക്ക് ചെയ്യാനുള്ള സ്ഥലം പ്ലോട്ടിൽ ലഭ്യമാക്കേണ്ടതുണ്ട്. കെട്ടിട ഉടമ സമർപ്പിച്ച പാർക്കിംഗ് പ്ലാനിൽ 5 കാറുകൾക്ക് പാർക്ക് ചെയ്യാനുള്ള സ്ഥലം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചട്ടം 29(8) പ്രകാരം വാഹനങ്ങൾക്ക് തിരിക്കാനും സുഗമമായി കടന്നുപോകാനുമുള്ള സ്ഥലം ഉള്ള പക്ഷം കെട്ടിടങ്ങൾക്ക് ചുറ്റും ഒഴിച്ചിടേണ്ട തുറന്ന സ്ഥലത്തിന്റെ പരമാവധി 50% വരെ പാർക്കിംഗിന് എടുക്കാവുന്നതാണ്. എന്നാൽ ആയത് പാലിക്കപ്പെടാത്തതിനാൽ പാർക്കിംഗ് പ്ലാൻ പ്രകാരമുള്ള 5 കാറുകളുടെ പാർക്കിംഗ് പ്രായോഗികമല്ല. ഇക്കാര്യം 26.02.2022 തീയ്യതി നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

2) ചട്ടം 29(4) പ്രകാരം ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിനാവശ്യമായ സൗകര്യത്തോട് കൂടിയായിരിക്കണം ഓരോ തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലവും വ്യവസ്ഥ ചെയ്യേണ്ടത്. കൂടാതെ ഡ്രൈവിംഗിനുള്ള സ്ഥലവും ഇടനാഴിയും വാഹനങ്ങൾ തിരിക്കാനുള്ള സ്ഥലവും ഒരുക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള സൗകര്യങ്ങൾ പ്ലോട്ടിൽ ലഭ്യമല്ല.

3) ചട്ടം 29(5) പ്രകാരം ഇരുചക്ര വാഹനങ്ങൾക്കായി കാർ പാർക്കിംഗിനുള്ള സ്ഥലത്തിന്റെ 25% ലഭ്യമാക്കേണ്ടതുണ്ട്. ആയത് പ്രകാരം 5x14.85x25/100= 18.56m2 ഇരു ചക്രവാഹനങ്ങളുടെ പാർക്കിംഗിനായി ഒരുക്കേണ്ടതുണ്ട്. ഉടമ സമർപ്പിച്ച പ്ലാനിൽ പ്രസ്തുത പാർക്കിംഗ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പ്രായോഗികമല്ല.

പാർക്കിംഗ് സംബന്ധിച്ച് മേൽ അപാകതകൾ നിലനിൽക്കെ കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകിയത് ക്രമപ്രകാരമല്ല. ഇപ്രകാരം ചട്ടങ്ങൾ പാലിക്കാതെ കെട്ടിടനിർമ്മാണ പെർമ്മിറ്റ് അനുവദിച്ചതിന വിശദീകരണം ലഭ്യമാക്കേണ്ടതും ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് ആയതിന്റെ വിശദാംശങ്ങൾ പ്രഥമ മറുപടിയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

## 1-20 പൂർത്തീകരണ കാലതാമസത്തിന നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സ.ഉ.(പി) നം. 13/2012/പൊ.മ.വ. തീയതി 01.02.2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർപ്പിക്കേണ്ടുന്ന ഘട്ടത്തിൽ സപ്ലിമെന്ററി കരാർ ചമച്ച് സെക്ഷൻ 2112.1 പ്രകാരമുള്ള തുക കാലാവധി ദീർഘീകരണത്തിന് പിഴയായി അടവാക്കേണ്ടതുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്ത പക്ഷമുള്ള കാലാവധി ദീർഘീകരണ കാലയളവും ഈടാക്കേണ്ട തുകയും ഇനി പറയും പ്രകാരമാണ്. കരാർ തുകയുടെ 1% തുക പിഴ ചുമത്തി (മിനിമം 1,000/-, പരമാവധി 50,000/-) ആദ്യത്തെ എക്സ്റ്റെൻഷൻ അനുവദിക്കുന്നത് പൂർത്തീകരണ കാലാവധിയുടെ 25% വരെയും (പരമാവധി 6മാസം) തുടർന്ന് കരാർ തുകയുടെ 2% തുക പിഴ ചുമത്തി (മിനിമം 2,000/-, പരമാവധി 1,00,000/-) പൂർത്തീകരണ കാലാവധിയുടെ 50% വരെയും സമയം അനുവദിക്കാവുന്നതുമാണ്. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50ശതമാനത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിക്ക് ശേഷവും

പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. എന്നാൽ 2021-22 ൽ നിർവ്വഹണം ചെയ്ത ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികൾ നിശ്ചിത സമയ പരിധിയ്ക്കകം പൂർത്തീകരിക്കുകയോ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| പ്രൊജക്റ്റ് നം, പേര്, ഫണ്ട് | കരാറുകാരന്റെ പേര്, കരാർ തുക | എഗ്രിമെന്റ് നം, തീയ്യതി | സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയ്യതി | പ്രവർത്തി പൂർത്തീകരിക്കേണ്ട കാലയളവ്, തീയ്യതി | പ്രവർത്തി പൂർത്തീകരിച്ച തീയ്യതി, (എം ബുക്ക് നം) | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 155/22, ചെറപ്പുറം വനിത പരിശീലന കേന്ദ്രം നിർമ്മാണം, വികസന ഫണ്ട്-ജനറൽ | കുഞ്ഞിക്കണ്ണൻ വി, 824855 | 24/20-21, 18.09.2020 | 18.09.2020 | 6 മാസം, 17.03.2021 | 07.06.2021 (28/2020-21) | 8248/- |
| 148/22, പാലായി സാംസ്കാരിക നിലയത്തിന് ഓപ്പൺ ഓഡിറ്റോറിയം, വികസന ഫണ്ട്-ജനറൽ | വി കെ വിനോദ്, 743720 | 09/20-21, 22.06.2020 | 22.06.2020 | 9 മാസം , 21.03.2021 | 16.08.2021 (75/20-21) | 22041/- |
| 171/22, രാമരം തട്ടാച്ചരി റോഡ് റീടാറിംഗ്(അവസാന ഭാഗം) ഡ്രൈനേജ് നിർമ്മാണം, മെയിന്റനൻസ് | പി ഗോവിന്ദൻ, 356802/- | 33/20-21, 18.12.2020 | 18.12.2020 | 6 മാസം, 17.07.2021 | 30.12.2021 (153/19-20) | 10704/- |

മേൽ കരാറുകാരിൽ നിന്നും പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 34 തീയ്യതി 27.12.2022)

**1-21 സമയബന്ധിതമായി കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല.**

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009.6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകേണ്ടതും ആയത് കൈപ്പറ്റിയ

തീയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകാരൻ കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതുമാണ്. പ്രസ്തുത കാലയളവിനുള്ളിൽ കരാർ ചമക്കാത്ത പക്ഷം തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ (മിനിമം 1000/- രൂപ, പരമാവധി 25000/- രൂപ) ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ നിശ്ചിത സമയ പരിധിയ്ക്കകം കരാർ ചമക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം, പേര് | കരാറുകാരന്റെ പേര്, കരാർ നം. | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി | കരാർ ചമച്ച തീയതി, കരാർ തുക | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 1 | 162/22, തിരിക്കുന്ന് തെക്ക് ഭാഗം റോഡേ റീടാറിംഗ് | പി ഗോവിന്ദൻ, 04/21-22 | 24.02.2021 | 09.03.2021 | 04.05.2021, 197734/- | 1977/- |
| 2 | 179/22, പ്രിയദർശിനി ഹൗസിങ്ങ് കോളനി കടിഞ്ഞിമൂല റോഡിന് ഡ്രൈനേജ് നിർമ്മാണം | സലാം ടി വി, 10/21-22 | 24.02.2021 | 09.03.2021 | 05.05.2021, 355865/- | 3559/- |
| 3 | 213/22, തെരു ശ്രീവത്സം റോഡ് അറ്റകുറ്റപ്പണി | പി ഗോവിന്ദൻ, 14/21-22 | 24.02.2021 | 09.03.2021 | 07.05.2021, 200693 | 2007 |
| 4 | 169/22, വട്ടപ്പൊയിൽ പൂവാലംകൈ റോഡ് റീ ടാറിംഗ് | പി ഗോവിന്ദൻ, 15/21-22 | 24.02.2021 | 09.03.2021 | 07.05.2021, 177955/- | 1780/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 5 | 193/22, അഴിത്തല ആലിൻകീഴിൽ മഖാം റോഡ് റീ ടാറിംഗ് | എ കെ വിനോദ്, 33/21-22 | 28.07.2021 | 11.08.2021 | 06.09.2021, 267154/- | 2672/- |
| 6 | 209/22, പാലായി ചേനം കുന്നമ്മൽ ചാത്തമത്ത് റോഡ് റീടാറിംഗ് | പി ഗോവിന്ദൻ, 05/21-22 | 24.02.2021 | 09.03.2021 | 04.05.2021, 178245/- | 1782/- |
| 7 | 185/22, കോട്ടപ്പുറം കെബി എം ആനച്ചാൽ ലിങ്ക് റോഡ് റീ ടാറിംഗ് | പി ഗോവിന്ദൻ, 16/21-22 | 24.02.2021 | 09.03.2021 | 07.05.2021, 178030/- | 1780/- |
| 8 | 173/22, ഓർച്ചപുഴ റോഡിന് ക്രാഷ് ബാരിയർ നിർമ്മാണം | പി വി സുകുമാരൻ, 57/20-21 | 24.02.2020 | 09.03.2021 | 26.02.2021, 353854/- | 3539/- |
| 9 | 196/22, അഞ്ചൽ റോഡ് ഡ്രൈനേജ് നിർമ്മാണം | സലാം ടി വി, 08/21-22 | 09.03.2021 | 23.03.2021 | 05.05.2021, 356692/- | 3567/- |
| 10 | 211/22, NKMB AUPS ആനച്ചാൽ റോഡ് ഡ്രൈനേജ് നിർമ്മാണം | സലാം ടി വി, 09/21-22 | 24.02.2021 | 10.03.2021 | 05.05.2021, 356997/- | 3570/- |
| 11 | 315/22, കാര്യങ്കോട് കുടുംബാരോഗ്യ കേന്ദ്രം -അടിസ്ഥാന സൗകര്യമൊരുക്കൽ | എ കെ വിനോദ്, 35(A)/21-22 | 18.01.2021 | 01.02.2021 | 13.09.2021, 437413/- | 4374/- |
| ആകെ | | | | | | 30607/- |

മേൽ പരാമർശിത കാലയളവായ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ ടെൻഡർ റദ്ദാക്കുകയും EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ പരാമർശിച്ച പ്രവൃത്തികളിൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 33 തീയ്യതി 27.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ ചമക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കി രേഖകൾ പരിശോധനയ്ക്ക്

ഹാജരാക്കേണ്ടതാണ്.

1-22 അഗതി രഹിത കേരളം(Destitute Free Keralam)) പദ്ധതിക്കു വേണ്ടി സി.ഡി.എസ്.ന് അനുവദിച്ച 54,96,625/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ പാർശ്വവൽക്കരിക്കപ്പെട്ട അശരണരായ അഗതികളെ കണ്ടെത്തി പുനരധിവസിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. അഗതി രഹിത കേരളം പദ്ധതിക്കു വേണ്ടി നഗരസഭ സി.ഡി.എസ്. ന് അനുവദിച്ച തുകയും നാളിതുവരെ ലഭിച്ച പലിശയും ഉൾപ്പെടെ ആകെ 54,96,625/ രൂപയുടെ നീക്കിയിരിപ്പുണ്ട്. DFK ഫണ്ട് ഉൾപ്പെടെ വിവിധ അക്കൗണ്ടിലെ നിക്ഷേപം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| അകൗണ്ട് നമ്പർ | തിയതി | നിക്ഷേപം |
|---|---|---|
| 145401000031398 | 31-3-2022 | 4,56,452 |
| 57041825295 | 31-3-2022 | 26,38,191 |
| 654602010003588 | 31-3-2022 | 5,68,525 |
| 656402010003282 | 31-3-2022 | 12,92,740 |

| | | |
|---|---|---|
| 42072010014495 | 31.3.2022 | 4,72,202 |
| 1746 | 31-3-2022 | 49,786 |
| 2450 | 31-3-2022 | 18,729 |

ഇപ്രകാരം സി.ഡി.എസ്.& മെമ്പർ സെക്രട്ടറിയുടെ പേരിലുള്ള വിവിധ അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുകകൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വറി നം 24/26.12.2022)

1-23 PMAY-പൂർത്തീകരിക്കാത്ത ഭവനങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ചുവടെ ചേർത്ത 6 ഗുണഭോക്താക്കൾ ഭവന നിർമ്മാണ പ്രവൃത്തി നാളിതു വരെയും ആരംഭിച്ചിട്ടില്ല. ടി ഗുണഭോക്താക്കൾക്ക് 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഭവന നിർമ്മാണത്തിനുള്ള ആദ്യ ഗഡു മുൻകൂറായി നൽകിയിട്ടുള്ളതാണ്. ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ മുൻകൂറായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | തുക നൽകിയ തിയതി |
|---|---|---|---|
| 1 | കൃഷ്ണൻ വി.വി | 30,000 | 3.7.2017 |
| 2 | ലക്ഷ്മണൻ വി.വി | 40,000 | 23.7.2019 |
| 3 | കലേശ് കെ | 40,000 | 8.3.2019 |
| 4 | അബ്രഹം ജീവൻ എ | 40,000 | 8.11.2019 |
| 5 | ചൈത്ര ടി.പി | 40,000 | 27.3.2019 |
| 6 | ഗീത കെ | 30,000 | 20.8.2018 |

(ഓഡിറ്റ് എൻക്വറി നം 27/26.12.2022)

1-24 നഗരസഭാ വാഹനത്തിന്റെ ടയറുകൾ മാറ്റിയത്-എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

1.വൗച്ചർ നം.05/2021-22/5.5.2021 -13000/-രൂപ

നഗരസഭാ ആരോഗ്യവിഭാഗം വാഹനമായ KL-60-N-8461 IZUZU 2 ടയറുകൾ മാറ്റിയ വകയിൽ ആകെ 13000/-രൂപ വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ശ്രീദേവി സർവ്വീസ് സ്റ്റേഷൻ നീലേശ്വരത്തിന്റെ ഇൻവോയ്സ് നം.914/19.4.2021 പ്രകാരമാണ് തുക ചെലവഴിച്ചിട്ടുള്ളത്. 2ടയറുകൾ മാറ്റുന്നതിന് പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം കണ്ണൂർ നൽകിയ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.വൗച്ചർ നം.47/2021-22/17.12.2021 -13500/-രൂപ

നഗരസഭാ ആരോഗ്യവിഭാഗം വാഹനമായ KL-60-N-8461 IZUZU 2 ടയറുകൾ മാറ്റിയ വകയിൽ ആകെ 13500/-രൂപ വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ശ്രീദേവി സർവ്വീസ് സ്റ്റേഷൻ നീലേശ്വരത്തിന്റെ ഇൻവോയ്സ് നം.1067/30.11.2021 പ്രകാരമാണ് തുക ചെലവഴിച്ചിട്ടുള്ളത്. 2ടയറുകൾ മാറ്റുന്നതിന്

പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം കണ്ണൂർ നൽകിയ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.36/28.12.2022 പ്രകാരം എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചലവ് തുക 26500/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-25 CHMKSGVHSS കോട്ടപ്പുറം-മുറി സൗകര്യം പോലും ഇല്ലാത്ത ഗണിത ലാബിന് വേണ്ടി 12,97,710/-രൂപ ചെലവഴിച്ചു-പാഴ് ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പൽ, CHMKSVHSS കോട്ടപ്പുറം

1. ഗണിത ലാബിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതി

പ്രൊജക്ട് നം.331/22

അടങ്കൽ - 244300/-രൂപ – മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് - 242166/-രൂപ

ബിൽ നം.04/2021-22/18.3.2022 – 242166/-രൂപ

നഗരസഭാ പരിധിയിലെ CHMKSGVHSS കോട്ടപ്പുറം ഗണിതലാബിലേക്ക് ഫർണ്ണിച്ചർ വാങ്ങാനുള്ളതാണ് ഈ പദ്ധതി. KADCO കോഴിക്കോടിൽ നിന്നും നേരിട്ട് ഫർണ്ണിച്ചർ വാങ്ങുന്നതിനാണ് തീരുമാനിച്ചത്. ഭരണസമിതി തീരുമാനം നം.1/10.3.2022 പ്രകാരം KADCO കോഴിക്കോട് സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സ് അംഗീകരിച്ചിട്ടുണ്ട്. 15.3.2022 തിയ്യതിയിലെ കരാർ പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. ഇൻവോയ്സ് നം.NRO/SALES/739/തിയ്യതി-15.3.2022 പ്രകാരം 25 എണ്ണം ടേബിൾ (Anjili Wood Single Draw), 25 എണ്ണം ചെയർ (Anjili Wood ) എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ബിൽ നം.04/2021-22 /18.3.2022 പ്രകാരം ആകെ 2,42,166/-രൂപ KADCO കോഴിക്കോടിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അക്കൗണ്ട് നം. 0808201005758/കാനറാ ബാങ്ക്.

ഈ പദ്ധതി നടപ്പിലാക്കിയതിൽ സുപ്രധാനമായ ഒരു അപാകത ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. അത് താഴെപ്പറയുന്നു.

മുറി സൗകര്യം ഇല്ലാത്തതിനാൽ നാളിതുവരെയായി ഗണിതലാബ് തുടങ്ങിയിട്ടില്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വിതരണം ചെയ്ത ഫർണ്ണിച്ചർ പരിശോധന നടത്താനായി 26.12.2022 ന് സ്കൂൾ സന്ദർശിച്ചപ്പോഴാണ് ഇക്കാര്യം കണ്ടെത്തിയത്. ഫർണ്ണിച്ചറുകൾ ഒരു റൂമിൽ കൂട്ടിയിട്ടിരിക്കയാണ്. ഇവ പൊടി പിടിച്ച് നശിച്ചുകൊണ്ടിരിക്കയാണ്. ഇല്ലാത്ത ഗണിതലാബിന് വേണ്ടിയാണ് 2.5 ലക്ഷത്തിനടുത്ത് തുക ചെലവഴിച്ചിട്ടുള്ളത്.

ഗണിതലാബ് തുടങ്ങാത്തതിന് ഓഡിറ്റ് എൻക്വയറി നം.28/26.12.2022 വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് കൃത്യമായി മറുപടി നൽകേണ്ടതും, ഗണിതലാബ് എത്രയും പെട്ടെന്ന് ആരംഭിക്കേണ്ടതുമാണ്. ആയതുവരെ ചെലവ് തുക 2,42,166/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

2.ഗണിതലാബിന് ലാപ് ടോപ്പ് വാങ്ങൽ പദ്ധതി

പ്രൊജക്ട് നം.330/22

അടങ്കൽ - 10,75,000/-രൂപ – മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് - 10,55,544/-രൂപ

ബിൽ നം.05/2021-22/18.3.2022 – 10,55,544/-രൂപ

നഗരസഭാ പരിധിയിലെ കോട്ടപ്പുറം CHMKS ഗവണ്മെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലെ ഗണിതലാബിന് ലാപ് ടോപ്പ് വാങ്ങുന്നതിനാണ് ഈ പദ്ധതി. കെൽട്രോൺ തിരുവനന്തപുരത്തിൽ

നിന്ന് നേരിട്ട് ലാപ് ടോപ്പ് വാങ്ങുകയാണ് ചെയ്തത്. കെൽട്രോൺ സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സ് നം.KSEDC/CLT/PRO/21-22/0170A പ്രകാരം ലാപ് ടോപ്പ് ഒന്നിന് വില 43981/-രൂപയാണ്. പ്രൊജക്റ്റ് പ്രകാരം 25 ലാപ് ടോപ്പുകൾക്കാണ് തുക വകയിരുത്തിയത്, പക്ഷെ കെൽട്രോൺ സമർപ്പിച്ച ഇൻവോയ്സ് പ്രകാരം 24 എണ്ണം മാത്രമെ വാങ്ങാൻ സാധിക്കൂ എന്നതിനാൽ 24 എണ്ണം പ്രസ്തുത തുക പ്രകാരം വാങ്ങാൻ തീരുമാനിച്ചു. തീരുമാനം നം.1/10.3.2022 പ്രകാരം പ്രൊഫോർമ ഇൻവോയ്സ് ഭരണസമിതി അംഗീകരിച്ചു. സപ്ലൈ ഓർഡർ പകർപ്പ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇൻവോയ്സ് നം.ITP/13892/21-22/Dt.22.2.2022 പ്രകാരം 24 എണ്ണം ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. HP Laptop Intel Core I3 1115GB, Memory 4GB-DDR4 RAM Exp.8GB, Hard Disk-512GB. ഗണിതലാബിൽ ഇവ ഇൻസ്റ്റാൾ ചെയ്തതായി ഹെഡ് മാസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബിൽ നം.05/2021-22/18.3.2022 പ്രകാരം 10,55,544/-രൂപ കെൽട്രോണിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം.10622324516/SBI.

ഈ പദ്ധതി നടപ്പിലാക്കിയതിൽ നിരവധി അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. സുപ്രധാനമായ ഒരു അപാകത താഴെപ്പറയുന്നു.

മുറി സൗകര്യം ഇല്ലാത്തതിനാൽ നാളിതുവരെയായി ഗണിതലാബ് തുടങ്ങിയിട്ടില്ല. ഇൻസ്റ്റാൾ ചെയ്തു എന്ന് സർട്ടിഫിക്കറ്റ് ചെയ്ത 24 ലാപ് ടോപ്പുകൾ ഒരു ഷെൽഫിൽ സൂക്ഷിച്ചിരിക്കയാണ്. 26.12.2022 ന് സ്കൂൾ സന്ദർശിച്ചപ്പോഴാണ് ഇക്കാര്യം കണ്ടെത്തിയത്.

കൂടാതെ കണ്ടെത്തിയ മറ്റ് അപാകതകൾ താഴെപ്പറയുന്നു.

1.സർക്കാർ സ്ഥാപനങ്ങളിൽ ഇലക്ട്രോണിക്സ് സാധനങ്ങൾ സർക്കാർ പോർട്ടൽ സംവിധാനമായ CPRCS യിൽ കൂടി മാത്രമെ വാങ്ങാവൂ എന്ന് IT Cell ന്റെ 21.10.2019 തിയ്യതിയിലെ നം.106/2019 സർക്കുലർ ഉണ്ട്. ഇവിടെ കെൽട്രോണിൽ നിന്ന് നേരിട്ട് പർച്ചേസ് നടത്തുകയാണ് ചെയ്തത്.

2.പ്രൊക്യൂർമെന്റ് കമ്മിറ്റി കെൽട്രോണിൽ നിന്ന് നേരിട്ട് വാങ്ങാൻ അനുമതി നൽകിയത്, പ്രൊഫോർമ ഇൻവോയ്സിന് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചത് എന്നത് സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3.കെൽട്രോണുമായി ഒപ്പ് വെച്ച കരാർ, സപ്ലൈ ഓർഡർ പകർപ്പ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.16/24.12.2022 പ്രകാരം അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് കൃത്യമായി മറുപടി നൽകേണ്ടതാണ്, ഗണിതലാബ് എത്രയും പെട്ടെന്ന് ആരംഭിക്കേണ്ടതാണ് അതുവരെ ചെലവ് തുക 10,55,544/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

ഈ 2 പദ്ധതികൾ വഴി 12,97,710/-രൂപയുടെ പർച്ചേസ് നടത്തിയത് ഇല്ലാത്ത ഗണിതലാബിന് വേണ്ടിയാണ്. പ്രോജക്റ്റ് തയ്യാറാക്കുന്ന സമയത്ത് ഗണിതലാബിന് മുറി സൗകര്യം ഉണ്ടോ എന്ന് അന്വേഷിക്കാതെയാണ് തയ്യാറാക്കിയത് എന്ന് വ്യക്തം. നിർവ്വഹണ ഉദ്യോഗസ്ഥൻ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവർ ഭാവിയിൽ ഇത്തരം കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. എത്രയും പെട്ടെന്ന് ഗണിത ലാബ് പ്രവർത്തനം തുടങ്ങേണ്ടതാണെന്ന കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-26 ഓഡിറ്റോറിയം ഇല്ല - ഫർണ്ണിച്ചർ, സൗണ്ട് സിസ്റ്റം എന്നിവ വാങ്ങി-പാഴ് ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പൽ, CHMKSVHSS കോട്ടപ്പുറം

പ്രൊജക്റ്റ് നം.332/22

പേര് -കോട്ടപ്പുറം CHMKS VHSS ഓഡിറ്റോറിയത്തിലേക്ക് ഫർണ്ണിച്ചർ, സൗണ്ട് സിസ്റ്റം വാങ്ങൽ പദ്ധതി

അടങ്കൽ - 10,00,000/-രൂപ – മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് - 10,00,000/-രൂപ

ബിൽ നം.06/2021-22/18.3.2022 – 10,00,000/-രൂപ

കോട്ടപ്പുറം CHMKS വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിലേക്ക് ഫർണ്ണിച്ചർ, സൗണ്ട് സിസ്റ്റം എന്നിവ വാങ്ങിക്കാനുള്ളതാണ് ഈ പദ്ധതി. KADCO കോഴിക്കോടിൽ നിന്ന് നേരിട്ട് വാങ്ങാനാണ് തീരുമാനിച്ചത്. ഭരണസമിതി തീരുമാനം നം.1(37)/10.3.2022 പ്രകാരം KADCO കോഴിക്കോട് ഫർണ്ണിച്ചർ വാങ്ങുന്നതിന് സമർപ്പിച്ച 9,23,456/-രൂപയുടെ പ്രഫോർമ ഇൻവോയ്സും, സൗണ്ട് സിസ്റ്റം വാങ്ങുന്നതിന് സമർപ്പിച്ച 76,544/-രൂപയുടെ പ്രഫോർമ ഇൻവോയ്സും അംഗീകരിച്ചിട്ടുണ്ട്. 15.3.2022 ന് KADCO കോഴിക്കോടുമായി കരാർ ഒപ്പ് വെച്ചിട്ടുണ്ട്. ബിൽ നം.06/2021-22/18.3.2022 പ്രകാരം 10,00,000/-രൂപ KADCO കോഴിക്കോടിന് നൽകിയിട്ടുണ്ട്. അക്കൗണ്ട് നം.0808201005758/കാനറാ ബാങ്ക്. ഇൻവോയ്സ് നം.NRO/SALES/738/15.3.2022പ്രകാരം താഴെപ്പറയുന്ന സാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

1.Hard Wood Dias Table - 2 Nos

2.Hard Wood Cushion Chair - 12 Nos

3.Hard Wood Podium - 4 Nos

4.Hard Wood Jefferson Chair - 132 Nos

5.Sound System -1 Nos (Amplifier,speaker, Mic, Wire With Accessories)

ഈ പദ്ധതി നടപ്പിലാക്കിയതിൽ നിരവധി അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്ന് താഴെപ്പറയുന്നു.
26.12.2022 ന് ഭൗതികപരിശോധന നടത്തിയപ്പോൾ സ്കൂളിന് ഓഡിറ്റോറിയം ഇല്ല എന്നാണ് കണ്ടെത്തിയത്. അതായത് ഇല്ലാത്ത ഓഡിറ്റോറിയത്തിലേക്കാണ് 10 ലക്ഷം രൂപയുടെ സാധനങ്ങൾ വാങ്ങിയത്. ഇവ ഒരു മുറിയിൽ കൂട്ടിയിട്ടിരിക്കയാണ്. പലതും നശിച്ചുകൊണ്ടിരിക്കുന്നു.
കണ്ടെത്തിയ മറ്റ് അപാകതകൾ താഴെപ്പറയുന്നു.

1.KADCO കോഴിക്കോടിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് പ്രൊക്യുർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.ഭരണസമിതി അംഗീകരിച്ച പ്രൊഫോർമ ഇൻവോയ്സും ഹാജരാക്കിയിട്ടില്ല.

3.പ്രൊക്യുർമെന്റ് കമ്മിറ്റി പ്രൊഫോർമ ഇൻവോയ്സുകൾ അംഗീകരിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

4.സപ്ലൈ ഓർഡർ പകർപ്പ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5.ക്രമ നം.(5) പ്രകാരം Sound System നേരിട്ട് വാങ്ങാൻ KADCO കോഴിക്കോട് അംഗീകൃത സ്ഥാപനമല്ല. ഫർണ്ണിച്ചർ അനുബന്ധസാധനങ്ങൾ എന്നിവയാണ് ഇവിടെ നിന്നും നേരിട്ട് വാങ്ങുന്നതിന് സർക്കാർ ഉത്തരവ് ഉള്ളത്. അതുപോലെ Speaker, Mic എന്നിവയുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.17/24.12.2022 പ്രകാരം ഈ അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് കൃത്യമായ മറുപടി നൽകേണ്ടതാണ്. അതുവരെ ചെലവ് തുക 10,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഈ പദ്ധതി വഴി 10,00,000/-രൂപയുടെ പർച്ചേസ് നടത്തിയത് ഇല്ലാത്ത ഓഡിറ്റോറിയത്തിന് വേണ്ടിയാണ്. പ്രൊജക്ട് തയ്യാറാക്കുന്ന സമയത്ത് ഓഡിറ്റോറിയം സൗകര്യം ഉണ്ടോ എന്ന് അന്വേഷിക്കാതെയാണ് തയ്യാറാക്കിയത് എന്ന് വ്യക്തം. നിർവ്വഹണ ഉദ്യോഗസ്ഥൻ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവർ ഭാവിയിൽ ഇത്തരം കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

1-27 സമഗ്രവിദ്യാഭ്യാസ പരിപോഷണ പരിപാടി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പൽ, CHMKSVHSS കോട്ടപ്പുറംപ്രൊജക്ട് നം.59/22

അടങ്കൽ - 2,00,000/-രൂപ – പ്ലാൻ ജനറൽ

ചെലവ് - 1,98,530/-രൂപ

ബിൽ നം.09/2021-22/26.3.2022 – 1,98,530/-രൂപ

നഗരസഭയ്ക്ക് കീഴിൽ വരുന്ന വിവിധ സ്കൂളുകളിലെ കുട്ടികളിൽ പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പിന്നോക്കം നിൽക്കുന്നവരുടെ പഠന നിലവാരം ഉയർത്തുന്നതിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി. LSS, USS കോച്ചിംഗ് 8,9 ക്ലാസ്സുകളിൽ പിന്നോക്കം നിൽക്കുന്നവരെ പ്രത്യേക കോച്ചിംഗ് നൽകി ഉയർത്തൽ, SSLC,HS, VHSE വിഭാഗം കുട്ടികൾക്ക് തീവ്രപരിശീലനം എന്നിവയാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതിക്ക് വേണ്ടി ബിൽ നം.09/2021-22 /26.3.2022 പ്രകാരം ആകെ 1,98,530/-രൂപ പിൻവലിച്ചിട്ടുണ്ട്. 2 സ്കൂളുകളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കിയത്. രാജാസ് ഹയർസെക്കന്ററി സ്കൂൾ നീലേശ്വരം, CHMKS ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കോട്ടപ്പുറം. 1,98,530/-രൂപയുടെ ട്രഷറി ബില്ല് ഹാജരാക്കിയിട്ടില്ല, കൂടാതെ ഈ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് എല്ലാ രേഖകളും ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയത് ഹാജർ പട്ടികയും, കുറച്ച് ഹോട്ടൽ ബില്ലുകളും മാത്രമാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ രേഖകൾ താഴെപ്പറയുന്നു.

1.23.3.2022 ന് HM,CHMKSGVHSS നഗരസഭാ സെക്രട്ടറിക്ക് നൽകിയ കത്ത്. 2021-22 വർഷത്തിൽ പരിശീലനം നടത്തിയതിന് ലഘുഭക്ഷണം നൽകിയതിന്റെ ബില്ലുകളും വൗച്ചറുകളും സമർപ്പിക്കുന്നു എന്നാണ് കത്തിന്റെ ഉള്ളടക്കം. 23.3.2022 ന് നം.VE.142/2022 പ്രകാരം പ്രിൻസിപ്പൽ,CHMKSGVHSS കോട്ടപ്പുറം നിർവ്വഹണ ഉദ്യോഗസ്ഥന് കത്ത് നൽകി. VHSE വിഭാഗത്തിന് പരിശീലനം നൽകിയതുമായി ബന്ധപ്പെട്ട് 35000/-രൂപ അക്കൗണ്ടിലേക്ക് നൽകണമെന്നാണ് കത്തിന്റെ ഉള്ളടക്കം.

2.ഹാജർ പട്ടിക CHMKSGVHSS കോട്ടപ്പുറം& RHSS നിലേശ്വരം- ഫെബ്രുവരി,മാർച്ച് എന്നീ 2 മാസത്തെ ഹാജർ പട്ടികയാണ് ഹാജരാക്കിയത്, ഇതിൽ വർഷം എഴുതിയിട്ടില്ല.

3.വിവിധ ഹോട്ടൽ ബില്ലുകൾ

| ക്രമ നം. | ബില്ല് നം./തിയ്യതി | തുക | ഹോട്ടൽ | സ്കൂൾ |
|---|---|---|---|---|
| 1 | 294/29.1.2022 | 40000/- | ഹോട്ടൽ ബദരിയ, നീലേശ്വരം | പ്രിൻസിപ്പൽ, CHMKSGVHSS കോട്ടപ്പുറം |
| 2 | 254/1.3.2022 | 39186/-രൂപ | പുഴയോരം റെസ്റ്റോറന്റ് കോട്ടപ്പുറം | പ്രിൻസിപ്പൽ, CHMKSGVHSS കോട്ടപ്പുറം |
| 3 | നം.ഇല്ല/21.3.22 | 15730/- | ഹോട്ടൽ ശ്രീവൈകുണ്ഡം, കോട്ടപ്പുറം | പ്രിൻസിപ്പൽ, CHMKSGVHSS കോട്ടപ്പുറം |
| 4 | 291/21.3.2022 | 40000/-രൂപ | ഹോട്ടൽ ബദരിയ, നീലേശ്വരം | പ്രിൻസിപ്പൽ, CHMKSGVHSS കോട്ടപ്പുറം |

| | | | | |
|---|---|---|---|---|
| 5 | 6940/23.3.2022 | 7800/-രൂപ | ഹോട്ടൽ വസന്തവിഹാർ നീലേശ്വരം | പ്രിൻസിപ്പൽ, RHSS നിലേശ്വരം |
| 6 | 6878/23.3.2022 | 30680/-രൂപ | ഹോട്ടൽ വസന്തവിഹാർ നീലേശ്വരം | പ്രിൻസിപ്പൽ, RHSS നിലേശ്വരം |
| | ആകെ | 1,73,396.00 | | |

4.വിനിയോഗ സാക്ഷ്യപത്രം - പ്രിൻസിപ്പൽ,CHMKSGVHSS കോട്ടപ്പുറം സമർപ്പിച്ച 1,10,000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.നഗരസഭയിലെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കേണ്ട പദ്ധതിയാണിത്, 2 സ്കൂളിൽ മാത്രമാണ് നടപ്പിലാക്കിയത്.

2.ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് സമർപ്പിച്ച രേഖകളൊന്നും തന്നെ പൊരുത്തപ്പെടുന്നില്ല.

3.ഹാജരാക്കിയ ഹോട്ടൽ ബില്ലുകൾ പ്രകാരം ആകെ തുക 1,73,396/-രൂപയാണ്. ബാക്കി 25134/-രൂപ ചെലവഴിച്ചതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.14/24.12.2022 പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,98,530/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ പദ്ധതിക്ക് തുക ചെലവഴിച്ചതിന് ആധാരമായി കൃത്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-28 തുല്യതാ പരീക്ഷ പഠിതാക്കളുടെ ഫീസ് നൽകൽ പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പൽ, CHMKSVHSS കോട്ടപ്പുറംപ്രൊജക്ട് നം.59/22

പ്രൊജക്ട് നം.56/22

അടങ്കൽ - 1,64,000/-രൂപ – പ്ലാൻ ജനറൽ

ചെലവ് - 1,37,600/-രൂപ

1.ബിൽ നം.02/2021-22/18.1.2022 – 39,600/-രൂപ

2.ബിൽ നം.08/2021-22/25.3.2022 – 98,000/-രൂപ

നഗരസഭാ പരിധിയിൽ വരുന്ന കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്ത് പഠിക്കുന്ന പഠിതാക്കൾക്ക് വിവിധ തുല്യതാ കോഴ്സുകളിലേക്ക് പരീക്ഷാഫീസ് നൽകാനുള്ളതാണ് ഈ പദ്ധതി. ബിൽ നം.02/2021-22/18.1.2022 പ്രകാരം 39,600/-രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷനിലേക്ക് നൽകിയിട്ടുണ്ട്. ഹയർസെക്കന്ററി തുല്യതാ രണ്ടാം വർഷം പഠിക്കുന്ന 18 പേരുടെ ഫീസ് ഒരാൾക്ക് 2200/-രൂപ നിരക്കിലാണ് തുക നൽകിയത്. ജില്ലാ സാക്ഷരതാ മിഷൻ കാസറഗോഡിന്റെ കത്ത് നം.DLM/KSD/പ്രൊജക്ട്/100/2022/തിയ്യതി-18.3.2022 അനുസരിച്ച് പത്താം തരം തുല്യതാ പഠിതാക്കളായ 12 പേരുടെ ഫീസ് ഇനത്തിൽ ഒരാൾക്ക് 1750/-രൂപ പ്രകാരം 21000/-രൂപയും, ഹയർസെക്കന്ററി ഒന്നാം വർഷ പഠിതാക്കളായ 35 പേരുടെ ഫീസ് ഇനത്തിൽ ഒരാൾക്ക് 2200/- പ്രകാരം 77000/-രൂപയും ചേർത്ത് ആകെ 98000/-രൂപ ഒടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ബിൽ നം.08/2021-22/25.3.2022 പ്രകാരം 98,000/-രൂപ ഒടുക്കിയിട്ടുണ്ട്. ആകെ 1,37,600/-രൂപ സാക്ഷരതാ മിഷന് പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.39,600/-രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷനിലേക്ക് നൽകിയതിന് ആധാരമായി സാക്ഷരതാ

മിഷനിൽ നിന്നും ലഭിച്ച കത്ത്/ഉത്തരവ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടുണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്. എത്ര പേർ കോഴ്സ് വിജയകരമായി പൂർത്തികരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്, രേഖകൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.18/24.12.2022 പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,37,600/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 ABC പദ്ധതി നഗരസഭാ വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.06/22

അടങ്കൽ - 5,00,000/-രൂപ – പ്ലാൻ ജനറൽ

ചെലവ് - 5,00,000/-രൂപ

ബിൽ നം.34/2021-22/12.11.2021 – 5,00,000/-രൂപ

നീലേശ്വരം നഗരസഭയിൽ തെരുവ് നായശല്യം ഒഴിവാക്കാൻ ലക്ഷ്യമിട്ടുള്ള വന്ധ്യംകരണ പരിപാടിയായ എ.ബി.സി പദ്ധതിക്ക് 5,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസിഡന്റ് ജില്ലാ പഞ്ചായത്ത് കാസറഗോഡിന്റെ കത്ത് നം.സി.എ-1/2021/തിയ്യതി-25.5.2021 പ്രകാരം എല്ലാ താല്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തണമെന്നും, ചീഫ് വെറ്റിനറി ഓഫീസർ, ജില്ലാ വെറ്റിനറി കേന്ദ്രം, അണങ്കൂർ, കാസറഗോഡിന് അപേക്ഷ സമർപ്പിക്കണമെന്ന് കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അപേക്ഷയിൽ ഓരോ പ്രദേശത്തെയും ബന്ധപ്പെടേണ്ടവരുടെ ഫോൺ നമ്പർ നലകണം ഈ പ്രദേശത്ത് എത്തി എ.ബി.സി ടീം നായ്ക്കളെ വന്ധീകരിച്ച് തിരികെ കൊണ്ടുവിടും. നായ്ക്കളുടെ എണ്ണം മോണിറ്ററിംഗ് കമ്മിറ്റി പരിശോധിക്കുമെന്നും റിപ്പോർട്ട് അതാത് സ്ഥാപനങ്ങൾക്ക് നൽകുമെന്നും, മോണിറ്ററിംഗ് കമ്മിറ്റിയിലേക്ക് ഒരു പ്രതിനിധിയെ പങ്കെടുപ്പിക്കണമെന്നും കത്തിൽ പറഞ്ഞിട്ടുണ്ട്. ഇത് അനുസരിച്ച് നീലേശ്വരം നഗരസഭ നിശ്ചിത മാതൃകയിൽ പ്രദേശങ്ങളുടെ വിശദ വിവരം, ബന്ധപ്പെടേണ്ട ഫോൺ നമ്പർ, വാർഡ് നമ്പർ എന്നിവ സഹിതം കത്ത് നം.ജി.1-5149/21 /തിയ്യതി-14.6.2021 ചീഫ് വെറ്റിനറി ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് നം.ബി-2-2182/2021/തിയ്യതി-21.10.2021 പ്രകാരം സംയുക്ത പദ്ധതികൾക്കായി ട്രഷറിയിൽ തുടങ്ങിയ അക്കൗണ്ടിലേക്ക് എത്രയും പെട്ടെന്ന് വകയിരുത്തിയ തുക കൈമാറാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബിൽ നം.34/2021-22/12.11.2021 പ്രകാരം 5,00,000/-രൂപ ട്രഷറി അക്കൗണ്ട് നം.799013100000006/ജില്ലാ ട്രഷറി, കാസറഗോഡിലേക്ക് കൈമാറി. 29.10.2022 ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി കത്ത് നം.ഡി-2-1791/തിയ്യതി-29.10.2022 പ്രകാരം 4,99,700/-രൂപ വിനിയോഗിച്ചതായി സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ(എ.എച്ച്),ജില്ലാ മൃഗസംരക്ഷണ ഓഫീസ്, കാസറഗോഡ് കത്ത് നം.DAHO/KSD /1317/2021-A3/തിയ്യതി-20.102021 പ്രകാരം നീലേശ്വരം നഗരസഭയിൽ 52 നായ്ക്കളെ വന്ധീകരിച്ചതിന് ഒന്നിന് 1900/-രൂപ പ്രകാരം 98,800/-രൂപ ആനിമൽ റൈറ്റ്സ് ഫണ്ട്, ബാംഗളൂരു എന്ന സ്ഥാപനത്തിന് നൽകണമെന്നും അക്കൗണ്ട് സംബന്ധമായ വിശദാംശങ്ങളും അറിയിച്ചിട്ടുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1.ജില്ലാ പഞ്ചായത്ത് എന്ത് അടിസ്ഥാനത്തിലാണ് 4,99,700/-രൂപ ചെലവഴിച്ച എന്ന് വിനിയോഗ സാക്ഷ്യപത്രം നൽകിയത് എന്ന് വ്യക്തമല്ല. എത്ര നായ്ക്കളെയാണ് വന്ധീകരിച്ചത് എന്നത് സംബന്ധിച്ച് രേഖകൾ ജില്ലാ പഞ്ചായത്ത് ഹാജരാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കിയിട്ടില്ല. നഗരസഭ സമർപ്പിച്ച പട്ടിക പ്രകാരമുള്ള സ്ഥലങ്ങളിൽ നിന്ന് ബന്ധപ്പെടേണ്ടവരുടെ ഫോൺ നമ്പർ നൽകിയത് പ്രകാരം അവരുമായി ബന്ധപ്പെട്ട് തന്നെയാണോ നായ്ക്കളെ പിടികൂടി വന്ധീകരിച്ചത് എന്ന് വ്യക്തമല്ല. ഇത് പ്രകാരം ഓരോ സ്ഥലങ്ങളിൽ നിന്നും പിടികൂടിയ നായ്ക്കളുടെ എണ്ണം സംബന്ധിച്ച പട്ടിക

ഹാജരാക്കിയിട്ടില്ല.

2.ഫയൽ പരിശോധനയിൽ ഡെപ്യൂട്ടി ഡയറക്ടർ(എ.എച്ച്),ജില്ലാ മൃഗസംരക്ഷണ ഓഫീസ്, കാസറഗോഡിന്റെ കത്ത് ഫയലിൽ ഉണ്ട്. ഇത് പ്രകാരം ആനിമൽ റൈറ്റ്സ് ഫണ്ട്, ബാംഗളൂരു എന്ന സ്ഥാപനം 52 നായ്ക്കളെ വന്ധീകരിച്ചിട്ടുണ്ട്, ഒന്നിന് 1900/-രൂപ പ്രകാരം 98,800/-രൂപ നൽകണം എന്നാണ് കത്തിലെ ആവശ്യം. നഗരസഭ തുക നൽകിയിട്ടുണ്ടോ എന്ന് വിശദീകരിച്ചിട്ടില്ല.

3.ജില്ലാ പഞ്ചായത്തിന്റെ സംയുക്ത പദ്ധതിയായാണ് നടപ്പിലാക്കുന്നത്, തുക ഡെപ്പോസിറ്റും ചെയ്തിട്ടുണ്ട്, പിന്നെ എന്തിനാണ് ഡെപ്യൂട്ടി ഡയറക്ടർ(എ.എച്ച്),ജില്ലാ മൃഗസംരക്ഷണ ഓഫീസ് ആനിമൽ റൈറ്റ്സ് ഫണ്ട്, ബാംഗളൂരു എന്ന സ്ഥാപനത്തിന് വേണ്ടി നേരിട്ട് നഗരസഭയോട് തുക ആവശ്യപ്പെട്ടത് എന്ന് വ്യക്തമല്ല.

4.പ്രസിഡന്റ് ജില്ലാ പഞ്ചായത്ത് കാസറഗോഡിന്റെ കത്ത് നം.സി.എ-1/2021/തിയ്യതി-25.5.2021 പ്രകാരം നായ്ക്കളുടെ എണ്ണം മോണിറ്ററിംഗ് കമ്മിറ്റി പരിശോധിക്കുമെന്നും റിപ്പോർട്ട് അതാത് സ്ഥാപനങ്ങൾക്ക് നൽകുമെന്നും, മോണിറ്ററിംഗ് കമ്മിറ്റിയിലേക്ക് ഒരു പ്രതിനിധിയെ പങ്കെടുപ്പിക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഈ തരത്തിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം ഹാജരാക്കിയിട്ടുണ്ടോ എന്ന് വിശദീകരിച്ചിട്ടില്ല. കൂടാതെ ഈ മോണിറ്ററിംഗ് കമ്മിറ്റിയിലേക്ക് ഒരു പ്രതിനിധിയെ നഗരസഭയിൽ നിന്ന് പങ്കെടുപ്പിച്ചിട്ടുണ്ടോ എന്നതിന് ആധാരമായി രേഖകൾ ഫയലിൽ ലഭ്യമല്ല.

5.കഴിഞ്ഞ 5 വർഷം എ.ബി.സി പദ്ധതിക്ക് വേണ്ടി എത്ര തുക ചെലവഴിച്ചു, അതുമൂലം തെരുവ് നായ ശല്യം കുറഞ്ഞിട്ടുണ്ടോ എന്ന് വിശദീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.37/28.12.2022 പ്രകാരം അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 5,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 നിലാവ് പദ്ധതി മീറ്ററിംഗ് സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.118/22

അടങ്കൽ - 2,00,000/-രൂപ – പ്ലാൻ ജനറൽ

ചെലവ് - 2,00,000/-രൂപ

ബിൽ നം.65/2021-22/30.3.2022 – 2,00,000/-രൂപ

